# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി പി5/1065/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 27/06/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി പി5/1065/2022 തീയ്യതി: 27/06/2022

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 13-06-2022 | 18-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-06-2022 | 18-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ബാലകൃഷ്ണൻ കെ.എം,എ.ഒ(ഹ.ഗ്രേ),
ഗിരീശൻ പാറപ്പൊയിൽ,എ.ഒ(ഹ.ഗ്രേ),
രാജീവൻ എൻ,സീനി.ഗ്രേ.ഓഡിറ്റർ,
ഇന്ദുകല സി.വി,സീനി.ഗ്രേ.ഓഡിറ്റർ,,
ജാസിർ സി.എം,ഓഡിറ്റർ,
ശ്രീജിത് കെ.വി,ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി റീന കെ.എം | ചെയർപേഴ്സൺ | 01-04-2020 | 31-12-2020 |
| ശ്രീ. വി.കെ പ്രമോദ് | പ്രസിഡന്റ് | 01-01-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ മനോജ് ഒ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ. രാജീവൻ വി.വി | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ഷെറിൻറിഷാദ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.വിജിത വി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ഡോ.നർദ വി | ഹോമിയോമെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.പി.ആർ ഷാമിൻ | മെഡിക്കൽ ഓഫീസർ ,താലൂക്ക് ഹോസ്പിറ്റൽ | 01-04-2020 | 31-03-2021 |
| ഡോ.ഐശ്വര്യ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീമതി. സൗദ കെ.സി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ. അനീഷ് കുമാർ ആർ.യു | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.ജംഷീർ ഇ | വി.ഇ.ഒ | 01-04-2020 | 03-11-2020 |
| ശ്രീ.പ്രതീഷ്കുമാർ ഇ | വി.ഇ.ഒ | 04-11-2020 | 31-03-2021 |
| ശ്രീമതി ലീന ടി.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീ മഹേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീ.സുരേന്ദ്രൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |

.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-1 |
| 2 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-2 |
| 3 | ആഭ്യന്തരനിയന്ത്ര സംവിധാനം<br>Written By: Balakrishnan K.M (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-3 |
| 4 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-4 |
| 5 | സംരംഭക ലൈസൻസ് അപാകതകൾ<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-5 |
| 6 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-6 |
| 7 | തൊഴിൽ നികുതി അപാകതകൾ<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-7 |
| 8 | അനധികൃത നിർമ്മാണം- തുടർനടപടിയില്ല.<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-8 |
| 9 | അനധികൃതമായി പെർമിറ്റ് അനുവദിച്ചു- തുടർ നടപടികളിൽ വീഴ്ച.<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-9 |
| 10 | സാങ്കേതികാ പരിശോധനാ റിപ്പോർട്ട് പരിഗണിക്കാതെ ചട്ടവിരുദ്ധമായി കെട്ടിടം ക്രമവത്കരിച്ച് നൽകി<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-10 |
| 11 | ചെറു പ്ലോട്ടിലെ നിർമ്മാണത്തിനുള്ള ഇളവുകൾ ചട്ടവിരുദ്ധമായി അനുവദിച്ചു.<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-11 |
| 12 | മതിയായ പാർക്കിംഗ് ലഭ്യമല്ലാതെ നിർമ്മാണ അനുമതി നൽകി<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-12 |
| 13 | അപകടകരമായ മരങ്ങൾ മുറിച്ച് മാറ്റിയത്-ചെലവ് തുക ഈടാക്കിയോ എന്ന് വ്യക്തതയില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-13 |
| 14 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നൽകിയതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-14 |
| 15 | ജി എസ് ടി റിട്ടേൺ തയ്യാറാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് ശരിയല്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-15 |
| 16 | തുല്യതാ ഫീസ് അടവാക്കൽ - എത്ര ഗുണഭോക്താക്കൾ പരീക്ഷ എഴുതി എന്നതിന് കൃത്യമായ വിവരം ലഭ്യമല്ല | 1-16 |

| | | |
|---|---|---|
| | Written By: N. Rajeevan (Senior Grade Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | |
| 17 | ഉപയോഗശൂന്യമായ ആസ്തികൾ ലേലം ചെയ്ത് തുക മുതൽക്കൂട്ടിയില്ല.<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-17 |
| 18 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - കുടുംബ സംഗമം നടത്തിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-18 |
| 19 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി<br>Written By: Balakrishnan K.M (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-19 |
| 20 | മുൻകൂർ ക്രമപ്പെടുത്തിയില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-20 |
| 21 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല<br>Written By: C.V.Indukala (Senior Grade Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-21 |
| 22 | പഞ്ചായത്ത് സാംസ്കാരികനിലയം ഗ്രന്ഥശാല പ്രവർത്തിക്കുന്നില്ല<br>Written By: Balakrishnan K.M (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-22 |
| 23 | ഐ.കെ.എം വിഹിതം- അധിക തുക നൽകി.<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-23 |
| 24 | ആവശ്യകത നിർണ്ണയിക്കാതെ കമ്പ്യൂട്ടറുകൾ വാങ്ങി<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-24 |
| 25 | കരാറുകാരന് അനധികൃതമായി തുക നൽകി<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-25 |
| 26 | കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ - റെയ്ഡ്കോയിൽ മോട്ടോറുകൾ നിന്നും നേരിട്ട് വാങ്ങി<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-26 |
| 27 | എസ്.സി കുടിവെള്ള പദ്ധതികളുടെ  ഗുണഭോക്തൃ വിവരങ്ങൾ ലഭ്യമല്ല.<br>Written By: Srijith K.V (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-27 |
| 28 | തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ-നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 25-06-2022) | 1-28 |
| 29 | ഹരിതകർമ്മസേന നിഷ്ക്രിയം-മാലിന്യ നിർമ്മാർജ്ജനത്തിന് വൻ തുക ചെലവഴിച്ചു<br>Written By: Gireeshan Parappoyil (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-29 |
| 30 | താലൂക്ക് ആശുപത്രിയിലേക്ക് ഫോഗിംഗ് മെഷീൻ വാങ്ങിയതിലെ അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-30 |
| 31 | വാഹനം അപകടത്തിൽ പെട്ടത്- ഇൻഷൂറൻസ് നാളിതുവരെ ലഭിച്ചിട്ടില്ല<br>Written By: Gireeshan Parappoyil (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-31 |
| 32 | കെട്ടിട നിർമ്മാണ പദ്ധതികൾ സമഗ്രമായി ആവിഷ്കരിക്കുന്നില്ല<br>Written By: C.V.Indukala (Senior Grade Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-32 |

| | | |
|---|---|---|
| 33 | എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി നടത്തിപ്പിൽ നിരവധി പരാതികൾ<br>Written By: N. Rajeevan (Senior Grade Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-33 |
| 34 | അഗതി ആശ്രയ പദ്ധതി - മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-34 |
| 35 | റോഡ് ടാറിംഗ് പ്രവൃത്തിയിൽ ചെലവ് കുറഞ്ഞ ഇനം തെരെഞ്ഞെടുക്കുന്നില്ല<br>Written By: C.V.Indukala (Senior Grade Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-35 |
| 36 | എൻ ആർ ഇ ജി എസ്-അളവുപുസ്തകങ്ങളുടെ പരിപാലനത്തിൽ അപാകത<br>Written By: Gireeshan Parappoyil (Audit Officer (HG), On 22-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 1-36 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കരാറുകാരന് അനധികൃതമായി തുക നൽകി<br>Written By: Srijith K.V (Auditor, On 22-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 15-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| | Written By: Jasir C M (Auditor, On 21-06-2022)<br>Last Updated By: Vasudevan M (Deputy Director, On 27-06-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 15348191 |
| വരവ് | 117073985 |
| ആകെ | 132422176 |
| ചെലവ് | 131979687 |
| നീക്കിയിരിപ്പ് | 442489 |

### 1-2 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15682058 | 15682058 | 15682058 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9137608 | 9137608 | 9137608 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 259000 | 259000 | 259000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 9217000 | 9217000 | 9082068 | 134932 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5258272 | 5258272 | 2294506 | 2963766 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied (ACR പ്രകാരം) | 0 | 14271460 | 14271460 | 10450926 | 3820534 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ACR പ്രകാരം) | 0 | 7270000 | 7270000 | 3610287 | 3659713 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 385926 | 2788050 | 3173976 | 2436012 | 737964 |
| ടോട്ടൽ സാനിറ്റേഷൻ ക്യാംപയിൻ | 1392785 | 2830427 | 4223212 | 72000 | 4151212 |
| പ്രാദേശിക വികസന ഫണ്ട് (MP) | 141852 | 4717 | 146569 | 0 | 146569 |
| സംസ്ഥാനാവിഷ്കൃത | | | | | |

| | | | | | |
|---|---|---|---|---|---|
| ഫണ്ടുകൾ | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 1139895 | 190000 | 1329895 | 190000 | 1139895 |
| ശുചിത്വമിഷൻ ഗ്രാന്റ് | 25000 | 157456 | 182456 | 157456 | 25000 |

## 1-3 ആഭ്യന്തരനിയന്ത്ര സംവിധാനം

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, അവയുടെ മേൽനോട്ടം എന്നിവ തൃപ്തികരമല്ല. സ്യൂട്ട് രജിസ്റ്റർ, വിവിധ പെൻഷനുകളുടെ അപേക്ഷാരജിസ്റ്റർ എന്നിവ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയല്ല സൂക്ഷിച്ചിരിക്കുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 4755 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുണ്ടെങ്കിലും എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 1345 മാത്രമാണ്. ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർക്ക് മുൻകൂർ നൽകിയ ഇനത്തിൽ 2008-09 മുതലുള്ള മുൻകൂർ തുക ക്രമപ്പെടുത്താൻ അവശേഷിക്കുന്നതായി കാണുന്നു. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സാംസ്കാരികനിലയം രണ്ടു വർഷമായി പ്രവർത്തനരഹിതമാണ്. തനത്ഫണ്ട് ചെലവുകൾ പരിശോധിച്ചതിൽ നടപടിക്രമങ്ങൾ പാലിക്കാതെ റവന്യൂചെലവുകൾ നടത്തുന്നതായി കാണുന്നു. പഞ്ചായത്ത് ഫണ്ട് കമ്മിയായിട്ടും ചെലവുകളിൽ മിതത്വം പാലിക്കുന്നില്ല. പർച്ചേസുകളിൽ ടെണ്ടർ/ക്വട്ടേഷൻ നടപടികൾ പാലിക്കാത്ത കേസുകൾ കാണുന്നു. പഞ്ചായത്തിലെ ഹരിത കർമസേനയുടെ പ്രവർത്തനം നിഷ്ക്രിയമാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കയറ്റി അയക്കുന്നതിന് തൻവർഷം വൻതുക ചെലവഴിച്ചിട്ടുണ്ട്. അജൈവ മാലിന്യം സ്രോതസ്സിൽ നിന്ന് അവ സൃഷ്ടിക്കുന്നവരുടെ ചെലവിൽ ശേഖരിച്ച് വരുമാനമാർജ്ജിച്ച് കയ്യൊഴിയുന്നതിനുള്ള പ്രവർത്തനം ഹരിത കർമസേന നടത്തുന്നില്ല. ഇതിന് ആവശ്യമായ മേൽനോട്ടവും പിന്തുണയും നൽകുന്നതിന് ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും വിജയിച്ചിട്ടില്ല.

## 1-4 വാർഷിക കണക്കിലെ അപാകതകൾ

2020-21 വർഷത്തെ വാർഷിക കണക്ക് , അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ക്ഷേമപെൻഷനുകളുടെ വരവ് ചെലവ് തുകകൾ സേവന സോഫ്റ്റ്‌വെയറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
2.

| ക്രമ നം | പെൻഷൻ/പദ്ധതിയുടെ പേര് | വാർഷിക കണക്ക് പ്രകാരമുള്ള വരവ്/ചെലവ് | യഥാർത്ഥ വരവ്/ചെലവ് |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 14139900 | 20759900 |
| 2 | വാർദ്ധക്യ കാല പെൻഷൻ | 27626300 | 41372900 |
| 3 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 5529600 | 8194100 |
| 4 | 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 588500 | 869000 |

2. ബാലൻസ് ഷീറ്റിലെ B9 ഷെഡ്യൂളിൽ KCWWF ബാധ്യത 5231 രൂപ കമ്മിയായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

3. സാമ്പത്തിക വർഷത്തിൽ ആർജ്ജിക്കപ്പെടുന്നതും ചെലവ് നടത്താത്തതുമായ ആസ്തികളുടെ കാര്യത്തിൽ ആസ്തിയുടെ മൂല്യം സാമ്പത്തിക വർഷത്തിൽ തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തപ്പെടുന്നില്ല. മറിച്ച് ചെലവ് നടത്തപ്പെടുന്ന സമയത്ത് മാത്രമാണ് സാംഖ്യയിൽ രേഖപ്പെടുത്തൽ വരുത്തുന്നത്. തൻവർഷം പ്രവൃത്തി പൂർത്തീകരിച്ച് ആസ്തി ആർജ്ജിക്കപ്പെട്ടതും കൃ ബിൽ ആയതിനാൽ അടുത്ത സാമ്പത്തിക വർഷം തുക നൽകാനുള്ളതുമായ ചെലവുകൾ വാർഷിക കണക്കിൽ ആസ്തി /ബാധ്യതാ പത്രികകളിൽ ഉൾക്കൊള്ളിക്കുന്നില്ല.

4. വാർഷിക കണക്ക് പ്രകാരം സ്ഥാപനത്തിന് 10000 രൂപ ഇൻവെസ്റ്റ്മെന്റ് ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകളോ രജിസ്റ്ററോ സ്ഥാപനം ലഭ്യമാക്കിയിട്ടില്ല.

5. ചെലവുകൾ തെറ്റായ ശീർഷകങ്ങളിൽ ബുക്ക് ചെയ്യുന്ന പ്രവണത സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഇത് മൂലം വാർഷിക കണക്ക് തെറ്റായി പ്രതിഫലിക്കപ്പെടുന്നു.

6. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട റേഷ്യോസ്, അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ താരതമ്യ തുകകളും അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡിപ്രീസിയേഷൻ നിരക്ക് സംബന്ധിച്ച വർക്ക്ഷീറ്റ് എന്നിവയും തയ്യാറാക്കിയിട്ടില്ല.

7. 3 വർഷ കാലപരിധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. ഉദാ- Suppliers EMD, Other Deposits മുതലായവ.

8. വാർഷിക കണക്കിൽ B-18 പ്രകാരം 460500101 ശീർഷകത്തിൽ 436500 രൂപ നീക്കിയിരിപ്പുണ്ട്. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ആയത് 05.12.2008 മുതൽ 28.03.2017 വരെയുള്ള കാലയളവിൽ ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർക്ക് മുൻകൂറായി അനുവദിച്ച തുകയാണ്. ആയത് നാളിതുവരെയും ക്രമീകരിച്ചിട്ടില്ല.

9. കോൺട്രാക്ടേഴ്സ് റീടെൻഷൻ ഇനത്തിൽ ബാധ്യതയായി നീക്കിയിരിപ്പുള്ള തുകയിൽ 2007 മുതലുള്ള തുകകളും ഉൾപ്പെട്ടിരിക്കുന്നു. രജിസ്റ്ററിൽ കരാറുകാരന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-5 സംരംഭക ലൈസൻസ് അപാകതകൾ

മുൻവർഷങ്ങളിലെ അപാകതകൾ ആവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായ കണക്കുകൾ പ്രകാരം 31.03.2021 വരെ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 4755 (205 വേക്കൻസി റെമിഷൻ) കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ 1345 സ്ഥാപനങ്ങളിൽ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഇത് കാരണം പഞ്ചായത്തിന് വരുമാനനഷ്ടം സംഭവിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. വാണിജ്യ-വ്യാവസായികവശ്യത്തിന് നമ്പർ നിർണ്ണയിച്ചിട്ടുള്ള 4755 ഡിമാന്റുകൾ ഉണ്ടെന്നിരിക്കെ 1970 (205 വേക്കൻസി റെമിഷൻ) ഡിമാന്റുകൾ മാത്രമാണ് ലൈസൻസ് പരിധിയിൽ വന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും അപാകത പരിഹരിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സ്ഥാപനം കൈക്കൊണ്ടതായി കാണുന്നില്ല.

കൂടാതെ 2020-21 സാമ്പത്തികവർഷത്തിൽ സംരംഭക ലൈസൻസ് ഇനത്തിലെ വരവ്, ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം എന്നിവ മുൻവർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ട്.ഇതുമായി

ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | അനുവദിച്ച ലൈസൻസുകളുടെ എണ്ണം | ഈടാക്കിയ ഫീ |
|---|---|---|
| 2018-19 | 1450 | 955300 |
| 2019-20 | 1392 | 937700 |

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-6 രജിസ്റ്ററുകളുടെ സൂക്ഷിപ്പ് - അപാകതകൾ

ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ച താഴെപ്പറയുന്ന രജിസ്റ്ററുകൾ പരിശോധിച്ചതിൽ അപാകതയുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1) സ്യൂട്ട് രജിസ്റ്റർ

ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിവിധ കേസുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി സൂക്ഷിച്ച സ്യൂട്ട് രജിസ്റ്റർ പരിശോധിച്ചതിൽ അപാകതകൾ കാണുന്നു.

കേസ് നമ്പർ, കോടതിയുടെ പേര്, അഡ്വക്കേറ്റിന്റെ പേര്, ചെലവഴിച്ച വക്കീൽ ഫീസ്, കേസിന്റെ വിചാരണ തിയ്യതികൾ, വിധിയുടെ വിശദാംശങ്ങൾ, കേസിന്റെ നിലവിലെ അവസ്ഥ തുടങ്ങിയ അടിസ്ഥാന വിവരങ്ങളൊന്നും രജിസ്റ്ററിൽ ചേർക്കുന്നില്ല. രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ എല്ലാ കേസുകളുടെ വിവരങ്ങളും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയോ എന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. മേൽപ്പറഞ്ഞ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സ്യൂട്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതും മേലുദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതും
ആണ്.

2) വിവിധ പെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ

കർഷക തൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, വാർധക്യകാല പെൻഷൻ തുടങ്ങിയ വിവിധ പെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ ഭരണസമിതി പെൻഷൻ അനുവദിച്ച തിയ്യതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷ ലഭിച്ച തിയ്യതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തിയ്യതി, അന്വേഷണ ഉദ്യോഗസ്ഥൻ തിരികെ നൽകിയ തിയ്യതി, സ്റ്റാന്റിംഗ് കമ്മിറ്റി അപേക്ഷയിന്മേൽ തീരുമാനം കൈക്കൊണ്ട തിയ്യതി, ഭരണ സമിതി തീരുമാനം കൈക്കൊണ്ട തിയ്യതി എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. രജിസ്റ്റർ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

3) ട്രേഡേഴ്സ് ലിസ്റ്റ്

ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 1330 കച്ചവടക്കാരുടെ വിവരങ്ങളാണുള്ളത്. എന്നാൽ തൻവർഷം എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 1345 ആണ്. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 4755 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ ഗ്രാമ പഞ്ചായത്തിലുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി പ്രകാരം വ്യവസായ, വാണിജ്യ കെട്ടിടങ്ങളുടെ ഉടമസ്ഥനോടോ കൈവശക്കാരനോടോ നോട്ടീസ് മൂലം കെട്ടിടത്തിന്റെ ഉപയോഗം സംബന്ധിച്ച വിവരം തേടിയതിന്റെയോ ഫീൽഡ് പരിശോധനയുടെയോ അടിസ്ഥാനത്തിൽ അല്ല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 2020-21 വർഷത്തിൽ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 255 പ്രകാരം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. മേൽ സ്വഭാവമുള്ള അപാകതകൾ മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ

ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളവയാണ്. അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനുമുള്ള ഓഡിറ്റിന്റെ നിർദ്ദേശങ്ങൾ സ്ഥാപനം പാലിച്ചിട്ടില്ല. ഇക്കാരണത്താൽ തന്നെ അപാകത ഓഡിറ്റ് വർഷത്തിലും ആവർത്തിക്കപ്പെട്ടിട്ടുണ്ട്.

1-7 തൊഴിൽ നികുതി അപാകതകൾ

(1) രജിസ്റ്ററുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205 ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടത്. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തതിനാൽ 2020-21 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല

(2)മുഴുവൻ വാണിജ്യ കെട്ടിടങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 4755 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിൽ 205 വാണിജ്യ കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്. അതായത് 4550 കെട്ടിടങ്ങളിൽ വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു. ഓഡിറ്റ് വർഷത്തെ ലൈസൻസ് രജിസ്റ്റർ പ്രകാരം 1345 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുകയും തൊഴിൽനികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 1970 ആണ്. അവശേഷിക്കുന്ന 2580 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത നിലനില്ക്കുന്നു.

(3)വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി റിട്ടേണുകളിൽ ശമ്പളം സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമല്ല.

വിവിധ സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേണുകളിൽ ശമ്പളം സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിലുള്ള ചില സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.ഒലീവ് പബ്ലിക് സ്കൂൾ, പേരാമ്പ

2.സെന്റ് ഫ്രാൻസിസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പേരാമ്പ്ര.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-8 അനധികൃത നിർമ്മാണം- തുടർനടപടിയില്ല.

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിൽ സ്ഥാപനം വരുത്തിയിട്ടുള്ള വീഴ്ചകൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയിരുന്നു. എന്നാൽ അപാകതകൾ നടപ്പുവർഷത്തിലും ആവർത്തിച്ചതിലൂടെ ഓഡിറ്റിൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനും ആവർത്തിക്കാതിരിക്കാനും സ്ഥാപനം നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് വ്യക്തമാകുന്നു. അനധികൃത നിർമ്മാണങ്ങൾക്കെതിരായ തുടർ നടപടി സ്വീകരിക്കുന്നതിലുണ്ടാകുന്ന വീഴ്ച ഇത്തരം നിർമ്മാണങ്ങൾ വർദ്ധിച്ചുവരുന്നതിന് കാരണമാവുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. പരാതി/വിവരാവകാശ അപേക്ഷകളിന്മേൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തുടർ നടപടിയില്ല.

ഫയൽ നം- എ3-1185/2021,

ഫയൽ നം- എ3-1115/2021,

മേൽ ഫയൽ നമ്പറായി സമർപ്പിക്കപ്പെട്ട വിവരാവകാശ അപേക്ഷകളിൽ പേരാമ്പ്ര ടൗണിലെ വിവിധ കെട്ടിടങ്ങളിലെ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച വിവരങ്ങൾ അപേക്ഷകർ സ്ഥാപനത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷകർക്ക് വിവരാവകാശ നിയമ പ്രകാരം മറുപടി സമർപ്പിച്ച് ഫയൽ തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. സെക്രട്ടറി ചുമതലപ്പെടുത്തിയ ഓവർസിയർ 18.06.22 ന് സൈറ്റ് പരിശോധിച്ചതിൽ മേൽ കെട്ടിടങ്ങളിന്മേൽ അനധികൃത നിർമ്മാണം നടത്തിയതായി ബോധ്യപ്പെട്ടിട്ടുണ്ട്. പാർക്കിംഗ്, ലോഡിംഗ് & അൺലോഡിംഗ് എന്നിവക്കായി വ്യവസ്ഥ ചെയ്ത ഭാഗം, അതിരുകൾ എന്നിവ അതിലംഘിച്ചും അനധികൃത നിർമ്മാണം നടത്തി ഉപയോഗപ്പെടുത്തുന്നതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഉദാ- ഒമേഗ ഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടം, ബാദുഷ ട്രേഡേഴ്സ് പ്രവർത്തിക്കുന്ന കെട്ടിടം എന്നിവ. മേൽ വിവരാവകാശ ഫയലിലൂടെ അപേക്ഷകൻ ശ്രദ്ധയിൽപെടുത്തിയ വിവരങ്ങളുടെ നിജസ്ഥിതി പരിശോധിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തിയതായി കാണുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. യു.എ നമ്പർ നൽകിയ കെട്ടിടങ്ങളുടെമേൽ തുടർ നടപടിയില്ല.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ 14/UA 1, 14 /UA2, 14/UA3, 15/UA 1 നമ്പർ കെട്ടിടങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണ്ണം സഞ്ചയ പ്രകാരമുള്ള വിസ്തീർണ്ണത്തേക്കാൾ കുറവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ നിന്നും കെട്ടിടത്തെ ഭാഗികമായാണ് അനധികൃത നിർമ്മാണമായി കണക്കാക്കിയിട്ടുള്ളത് എന്നത് വ്യക്തമാണ്. കെട്ടിടത്തിൽ അനുമതിയില്ലാതെ നിർമ്മിച്ച ഭാഗം മാത്രമെ അനധികൃത നിർമ്മാണമായി പരിഗണിക്കപ്പെട്ടിട്ടുള്ളൂ. കെട്ടിടത്തെ ഒരൊറ്റ യൂണിറ്റായി കാണാതെ പുതുതായി നിർമ്മിച്ച ഭാഗത്തിന് മാത്രം UA നമ്പർ നൽകുകയാണ് ചെയ്തിട്ടുള്ളത്. കെട്ടിടത്തിന്റെ ഉയരം, തറവിസ്തീർണ്ണാനുപാതം, ഘടന, അഗ്നിസുരക്ഷാ സംവിധാനങ്ങൾ, പാർക്കിംഗ് സൗകര്യം, എന്നിവ പരിശോധിച്ച് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 235 എ.എ മുതൽ ഡബ്ല്യൂ വരെയുള്ള സെക്ഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടികൾ ഉറപ്പ് വരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന അഡീഷണൽ കൺസ്ട്രക്ഷൻ പ്ലാനുകളിൽ നിലവിലുള്ള കെട്ടിടങ്ങളുടെ വിസ്തീർണ്ണമായി പ്ലാനിൽ രേഖപ്പെടുത്തിയതിലും കുറഞ്ഞ വിസ്തീർണ്ണമാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്ന് കാണുന്നു. ഇത്തരത്തിൽ ഘടനാപരമായി മാറ്റം വരുത്തുന്ന കെട്ടിടങ്ങളെ ഫീൽഡ് തല പരിശോധനയിലൂടെ കണ്ടെത്തുന്നതിന് സഹായകമാകുന്ന ഒരു സംവിധാനം രൂപപ്പെടുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. ഉദാ- തരുവായി എന്നവരുടെ ഉടമസ്ഥതയിലുള്ള സിൽവർ കോളേജിന്റെ ആകെ തറവിസ്തീർണ്ണവും സഞ്ചയയിലെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഒക്യുപെൻസി അനുവദിച്ചതിന് ശേഷം കെട്ടിടത്തിന്റെ ഘടന, വിനിയോഗ ഗണം എന്നിവയിൽ മാറ്റം വരുത്തി ഉപയോഗിക്കാനുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ട്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഒക്യുപെൻസി അനുവദിച്ച് 2 വർഷത്തിന് ശേഷം കെട്ടിടങ്ങളുടെ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. മേൽ നടപടിയിലൂടെ ഒക്യുപെൻസി അനുവദിച്ചതിന് ശേഷം കെട്ടിടത്തിന്റെ ഘടന, വിനിയോഗ ഗണം എന്നിവ ഉൾപ്പെടെയുള്ള ഘടകങ്ങളിൽ മാറ്റം വരുത്തിയ കെട്ടിടങ്ങളെ കണ്ടെത്തി തുടർ നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-9 അനധികൃതമായി പെർമിറ്റ് അനുവദിച്ചു- തുടർ നടപടികളിൽ വീഴ്ച.

ഫയൽ നം- എ2-2033/2021,

ശ്രീ, നിത, പടിഞ്ഞാറ്റിടത്തിൽ പേരാമ്പ്ര എന്നവരുടെ എ2-2033/2021 നമ്പറായുള്ള പെർമിറ്റ് അപേക്ഷ പരിഗണിച്ച് പെർമിറ്റ് അനുവദിക്കുകയും, പരാതിയെ തുടർന്ന് പെർമിറ്റ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഫയലിന്മേലുള്ള നടപടികളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 5.3.21 തിയ്യതിയിൽ സൈറ്റ് പരിശോധിച്ച ഓവർസിയർ സൈറ്റ് പരിശോധിച്ച് കെ.പി.ബി.ആർ പാലിക്കുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 26.03.2021 തിയ്യതിയിൽ ബി.എ-368/2021 നമ്പറായി പെർമിറ്റ് അനുവദിക്കുകയും 24.07.2021 തിയ്യതിയിൽ സൈറ്റ് പരിശോധന നടത്തിയ ഫീൽഡ് ക്ലാർക്ക് നിർമ്മാണം ചട്ടവിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്യുകയും മതിയായ സെറ്റ്ബാക്ക് ഇല്ലെന്ന കാരണം ചൂണ്ടിക്കാട്ടി 06.08.2021 ലെ A4-4608/2021 നമ്പർ നടപടി പ്രകാരം പെർമിറ്റ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബി.എ-368/2021 നമ്പറായി പെർമിറ്റ് അനുവദിച്ച പ്ലാനിൽ മുൻഭാഗത്തെ തുറസ്സായ സ്ഥലത്തിന്റെ നീളം 3 മീറ്ററിൽ താഴെയായിരുന്നു എന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിലും പെർമിറ്റിന് ശുപാർശ നൽകിയ ഓവർസിയറുടെ നടപടി ചട്ട വിരുദ്ധമാണ്.
2. 18.06.22 ലെ ഓവർസിയറുടെ സൈറ്റ് പരിശോധനയിൽ മേൽ കെട്ടിടം പെർമിറ്റ് റദ്ദ് ചെയ്ത സാഹചര്യത്തിലും നിർമ്മാണം പൂർത്തീകരിച്ചതായി ബോധ്യപ്പെട്ടിട്ടുണ്ട്.

പെർമിറ്റിനായി സമർപ്പിക്കപ്പെട്ട പ്ലാൻ പ്രകാരം കെട്ടിടത്തിന് മതിയായ തുറസ്സായ സ്ഥലം മുൻവശത്ത് ലഭ്യമായിരുന്നില്ലെന്നും റോഡുമായി മൂന്ന് മീറ്ററിൽ താഴെ മാത്രമെ അകലം പാലിക്കുന്നുള്ളൂ എന്നത് വ്യക്തമായിരുന്നിട്ടും പ്രസ്തുത പ്ലാൻ അംഗീകരിച്ച് പെർമിറ്റ് നൽകിയ നടപടി , ഓവർസിയർ, സെക്രട്ടറി എന്നിവരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. പെർമിറ്റ് റദ്ദ് ചെയ്ത സാഹചര്യത്തിലും കെട്ടിട നിർമ്മാണം പൂർത്തീകരിച്ച കെട്ടിട ഉടമ, എൽ.ബി.എസ് എന്നിവർക്കെതിരെ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ചട്ടവിരുദ്ധമായി പെർമിറ്റ് അനുവദിക്കുന്നതിന് ശുപാർശ ചെയ്ത ഓവർസിയർ, പെർമിറ്റ് അനുവദിച്ച സെക്രട്ടറി എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-10 സാങ്കേതികാ പരിശോധനാ റിപ്പോർട്ട് പരിഗണിക്കാതെ ചട്ടവിരുദ്ധമായി കെട്ടിടം ക്രമവത്കരിച്ച് നൽകി

ഫയൽ നം- എ2-4130/2020,

ശ്രീ അബൂബക്കർ, വടക്കേക്കര, പേരാമ്പ്ര എന്നവരുടെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണ അപേക്ഷയിന്മേൽ 19.11.2020 തിയ്യതിയിൽ 12/3 മുതൽ A 12/3 K വരെ നമ്പർ അനുവദിച്ച് കെട്ടിടം ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. കെട്ടിടം ക്രമവത്കരിച്ച് നൽകിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 29.07.20 തിയ്യതിയിലെ ഓവർസിയറുടെ പരിശോധനാ റിപ്പോർട്ടിൽ കെ.പി.ബി.ആർ 2011 പ്രകാരം ചട്ടം 27(2) പാലിക്കുന്നില്ലെന്നും മതിയായ സാനിറ്ററി സൗകര്യം, മഴവെള്ള സംഭരണി, ശുചിമുറി എന്നിവ കെട്ടിടത്തിൽ ഒരുക്കിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ റിപ്പോർട്ടിന് വിരുദ്ധമായി 2019 ലെ കെട്ടിട നിർമ്മാണ ചട്ടത്തിലെ ഇളവുകൾ ചൂണ്ടിക്കാട്ടി സെക്രട്ടറി കെട്ടിടത്തിന് നമ്പർ നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് 12/3 മുതൽ A 12/3 Kവരെ നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കെ.പി.ബി.ആർ 2011 ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം 21.10.2018 തിയ്യതിയിൽ എ2/BA(248185)/2018 നമ്പറായി നിർമ്മാണ അനുമതി നൽകിയ കെട്ടിടത്തിന് 2019 ലെ ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ ബാധകമാക്കിയതിന് സാധുതയില്ല.
2. പെർമിറ്റ് അപേക്ഷയിൽ പ്ലോട്ടിൽ നിലവിലുള്ള താമസാവശ്യത്തിനുള്ള കെട്ടിടം പൊളിച്ചുമാറ്റുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പൂർത്തീകരണ അപേക്ഷ പരിശോധിച്ചതിൽ നിന്നും മേൽ കെട്ടിടം പൊളിച്ചുമാറ്റിയിട്ടില്ലെന്നും ബോധ്യപ്പെടുകയും ആയത് നാളിതുവരെയും പൊളിച്ചുമാറ്റിയിട്ടില്ലെന്ന് ഓവർസിയർ പരിശോധിച്ച് റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടവും സെക്രട്ടറി ക്രമവത്കരിച്ച് നൽകിയ കെട്ടിടവും തമ്മിൽ 40 സെന്റീമീറ്ററിന്റെ അകലം മാത്രമേ ഉള്ളൂ. കെ.പി.ബി.ആർ 2011 ചട്ടം 27(2) പാലിക്കാതെ നിർമ്മിച്ച

കെട്ടിടം ക്രമവത്കരിച്ച് നൽകിയ സെക്രട്ടറിയുടെ നടപടി ചട്ടവിരുദ്ധമാണ്.

3.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. 18.06.22 തിയ്യതിയിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം സൈറ്റ് പരിശോധിച്ച ഓവർസിയർ പ്ലോട്ടിലെ താമസവിനിയോഗ ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടം നാളിതുവരെയും പൊളിച്ചുമാറ്റിയിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി നിർമ്മിച്ച കെട്ടിടം സാങ്കേതിക പരിശോധനാ റിപ്പോർട്ടിന് വിരുദ്ധമായി ക്രമവത്കരിച്ച് നൽകിയ സെക്രട്ടറിയുടെ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടത്തിന് ഒക്യുപെൻസി അനുവദിച്ച നടപടി പുന പരിശോധിക്കേണ്ടതുമാണ്.

## 1-11 ചെറു പ്ലോട്ടിലെ നിർമ്മാണത്തിനുള്ള ഇളവുകൾ ചട്ടവിരുദ്ധമായി അനുവദിച്ചു.

ഫയൽ നം- എ2-174/2021

ശ്രീ.ബാലകൃഷ്ണൻ, ജാനകി, പാർവ്വതി ഭവൻ, ചേനോളി പേരാമ്പ്ര എന്നവരുടെ കെട്ടിട ക്രമവത്കരണ അപേക്ഷയിന്മേൽ A2-BA(15111)/2021 തിയ്യതി.22.01.2021 നമ്പറായി കെട്ടിടം ക്രമവത്കരിച്ച് നൽകിയിട്ടുണ്ട്. ചെറു പ്ലോട്ടിലെ നിർമ്മാണത്തിനുള്ള വ്യവസ്ഥകൾ ബാധകമാക്കിയാണ് കെട്ടിടം ക്രമവത്കരിച്ചിട്ടുള്ളത്. കെട്ടിടം ക്രമവത്കരിച്ച് നൽകിയതിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 50 പ്രകാരം ഒന്നോ അതിലധികമോ പ്ലോട്ടുകൾ വിഭജിച്ചുണ്ടായ പ്ലോട്ടുകളിലെ നിർമ്മാണത്തിനോ വിഭജിക്കപ്പെട്ട പ്ലോട്ടുകളിൽ ഒന്നിൽ കൂടുതൽ പ്ലോട്ടുകളുടെ ഉടമയ്ക്കോ നിർദ്ദിഷ്ട പ്ലോട്ടിനോട് ചേർന്ന് മറ്റൊരു പ്ലോട്ട് ഉള്ള വ്യക്തിക്കോ അല്ലെങ്കിൽ അയാളുടെ സമ്മതത്തോടെ മറ്റൊരു വ്യക്തിക്കോ ഈ ചട്ടത്തിൻ കീഴിൽ ആനുകൂല്യം അനുവദിക്കാൻ പാടില്ലാത്തതാണ്. എന്നാൽ മേൽ അപേക്ഷയിൽ ചട്ടം 50 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ചതായി കാണുന്നില്ല.

   അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 മതിയായ പാർക്കിംഗ് ലഭ്യമല്ലാതെ നിർമ്മാണ അനുമതി നൽകി

ഫയൽ നം- എ2-285/2021

ശ്രീ.കുട്ട്യാലി, മുംതാസ്, വല്ലത്ത്, പേരാമ്പ്ര എന്നവരുടെ കെട്ടിട നിർമ്മാണ അപേക്ഷയിന്മേൽ A2-BA(61970)/2021 തിയ്യതി.08.03.2021 നമ്പർ പെർമിറ്റ് മുഖേന നിർമ്മാണ അനുമതി നൽകിയിട്ടുണ്ട്. താഴെ പറയുന്ന അപാകതകൾ നിലനിൽക്കെയാണ് നിർമ്മാണ അനുമതി നൽകിയിട്ടുള്ളത്.

1. അപേക്ഷകൻ സമർപ്പിച്ച പ്ലാൻ പ്രകാരം തറനില വാണിജ്യ വിനിയോഗത്തിനും ഒന്നാം നില താമസ വിനിയോഗ ഗണത്തിനുമാണ്. എന്നാൽ A2-BA(61970)/2021 തിയ്യതി.08.03.2021 നമ്പർ പെർമിറ്റ് മുഖേന നിർമ്മാണ അനുമതി നൽകിയിട്ടുള്ളത് 367.17 ച.മീ വിസ്തീർണ്ണത്തിൽ വാണിജ്യ വിനിയോഗ ഗണത്തിലുള്ള കെട്ടിടം നിർമ്മിക്കുന്നതിനാണ്.
2. സെക്രട്ടറി അംഗീകരിച്ച് നൽകിയ പാർക്കിംഗ് പ്ലാൻ പ്രകാരം നാല് കാർ പാർക്കിംഗുകളും ആയതിന്റെ 25 % ടൂ വീലർ പാർക്കിംഗുകളും രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിടത്തിന്റെ മുൻവശത്തെ തുറസ്സായ ഭാഗത്തിന്റെ ആകെ വിസ്തീർണ്ണം 114.57 ച.മീ ആണ്. മുൻ ഭാഗത്തിൽ മൂന്ന് കാർ പാർക്കിംഗും ടൂവീലർ പാർക്കിംഗും രേഖപ്പെടുത്തി തുറസ്സായ ഭാഗത്തിന്റെ 60 ച.മീ വിസ്തീർണ്ണം പാർക്കിംഗിനായി വിനിയോഗിച്ചിട്ടുണ്ട്. തുറസ്സായ ഭാഗത്ത് രേഖപ്പെടുത്തിയ കാർ പാർക്കിംഗുകൾക്ക് വാഹനം തിരിക്കുന്നതിനുള്ള സൗകര്യം ഇല്ലാതിരുന്ന സാഹചര്യത്തിലും തുറസ്സായ ഭാഗത്തിന്റെ 50%

ൽ അധികരിച്ച ഏരിയ പാർക്കിംഗിനായി വിനിയോഗിക്കുന്നതിന് അനുമതി നൽകിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-13 അപകടകരമായ മരങ്ങൾ മുറിച്ച് മാറ്റിയത്-ചെലവ് തുക ഈടാക്കിയോ എന്ന് വ്യക്തതയില്ല

ഓഡിറ്റ് വർഷത്തിൽ വിവിധ വാർഡുകളിലെ ആളുകളുടെ പരാതികളുടെ അടിസ്ഥാനത്തിലുൾപ്പെടെ അപകടകരമായ മരങ്ങൾ മുറിച്ച് മാറ്റിയ ഇനത്തിൽ 230800104 ഹെഡ്ഡിൽ നിന്നും 16,100/-വിനിയോഗിച്ചിട്ടുണ്ട്. ആളുകളുടെ പരാതികളുടെ അടിസ്ഥാനത്തിൽ, ഉടമയുടെ നിഷ്ക്രിയത്വം മൂലം പഞ്ചായത്ത് മരങ്ങൾ മുറിച്ചുമാറ്റിയ സംഗതികളിൽ സ്ഥാപനത്തിന് ചെലവായ തുക ഉടമയിൽ നിന്നും ഇടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മരങ്ങളുടെ കാര്യത്തിൽ മരം ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഈ ഇനത്തിൽ ആകെ 16,100/-രൂപ ചെലവായ സാഹചര്യത്തിൽ, മേല്പറഞ്ഞ ഇനങ്ങളിൽ വരവ് വന്ന തുകകളെത്രയെന്ന് വ്യക്തമാക്കേണ്ടതാണ്. 16,100/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് പഠന മുറി നൽകിയതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന മുറി നൽകുന്നതിന് പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നം. | 60/21 |
| അടങ്കൽ | 2550000/- |
| ഫണ്ട് | വികസന ഫണ്ട് (SCP) |
| ചെലവ് | 1150000/- |
| ബിൽനം. തി. | 6/21/17.7.20 |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ (കൈ) നം.22/2018/ തസ്വഭവ തി.14.2.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ പഠനമുറി നിർമ്മാണത്തിന് ഗുണഭോക്താക്കൾക്ക് 200000/- രൂപവരെ സബ്സിഡി നൽകാം, എന്നാൽ പദ്ധതിയിൽ 150000/- രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ. സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളിൽപ്പെടുന്ന പട്ടികജാതി വിഭാഗക്കാർക്ക് നൽകാവുന്ന പരമാവധി ധനസഹായം പരിമിതപ്പെടുത്തി കുറഞ്ഞ തുക നൽകുകയാണുണ്ടായത്.

2. ഓഡിറ്റ് വർഷം പത്ത് ഗുണഭോക്താക്കൾക്കാണ് ഈ ആനുകൂല്യം നൽകിയിരിക്കുന്നത്. 2019-20

വർഷം പഠനമുറി ആനുകൂല്യം നൽകുന്നതിന് തയ്യാറാക്കിയ ലിസ്റ്റിൽ 122 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ലിസ്റ്റിൽ നിന്നും 17 പേർക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. സ.ഉ (കൈ) നം.11/2018/തസ്വഭവ.തി. 29.01.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.11.3.14 ൽ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ലിസ്റ്റ് തയ്യാറാക്കാവൂ. സമാനസ്വഭാവമുള്ള പ്രൊജക്റ്റ് തുടർ വർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രൊജക്ടിന് വേണ്ടി ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് എടുക്കാവുന്നതാണ് എന്ന പദ്ധതി നിർദ്ദേശം പാലിക്കാതെ ഓഡിറ്റ് വർഷത്തേക്ക് പുതിയ ലിസ്റ്റിന് രൂപം നൽകി. ഈ ലിസ്റ്റിൽ 153 പേർ ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും പത്ത് ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. മാത്രമല്ല ഈ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം നേടിയതായി കാണുന്നില്ല.

3. പദ്ധതിയുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/21/18.6.22) മറുപടി നൽകിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ച അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-15 ജി എസ് ടി റിട്ടേൺ തയ്യാറാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നത് ശരിയല്ല

ഓഡിറ്റ് വർഷത്തിൽ ജി.എസ്.ടി, ഐ.ടി റിട്ടേണുകൾ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനായി താഴെ പറയും പ്രകാരം 8900 രൂപ ചെലവഴിച്ചിട്ടുണ്ട്.(വിവിധ ഹെഡ്ഡുകളിൽ ബുക്ക് ചെയ്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.)

| ക്രമനം | വൗച്ചർ നം | തുക |
|---|---|---|
| 1 | 22000484/11.8.20 | 500 |
| 2 | 22000423/23.7.20 | 2650 |
| 3 | 22000622/11.9.20 | 2350 |
| 4 | 22001156/ | 2900 |
| 5 | 22001159 | 500 |
| ആകെ | | 8900 |

എന്നാൽ ജി.എസ്.ടി റിട്ടേൺ തയ്യാറാക്കേണ്ടത് ഓഫീസ് ജോലിയുടെ ഭാഗമായി നിർവ്വഹിക്കേണ്ട ജോലിയാണ്. ഇത് പുറമെ നിന്ന് പണം കൊടുത്ത് ചെയ്യുന്നത് പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവിന് കാരണമായിട്ടുണ്ട്. വളരെ കുറഞ്ഞ ഫീസ് വരുന്ന ഫയലിംഗ് മാത്രമേ കൺസൾട്ടൻസി മുഖേന ചെയ്യേണ്ടതുള്ളൂ. അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണ്. കൂടാതെ തുടർ വർഷങ്ങളിൽ ഇത്തരം ചെലവുകൾ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 തുല്യതാ ഫീസ് അടവാക്കൽ - എത്ര ഗുണഭോക്താക്കൾ പരീക്ഷ എഴുതി എന്നതിന് കൃത്യമായ വിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ പത്താം തരം, ഹയർ സെക്കണ്ടറി തുല്യതാ പരീക്ഷ എഴുതുന്നവരുടെ പരീക്ഷാഫീസ് സാക്ഷരതാ മിഷനിലേക്ക് അടച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | ഹെഡ് മാസ്റ്റർ |
| പ്രോജക്ട് നം. | 112/21 |
| അടങ്കൽ | 60000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 30500/- |
| ബിൽനം. തി. | 5/21/3.2.21 |

പത്താം തരം തുല്ല്യതാ പരീക്ഷ എഴുതുന്നതിന് ഏഴ് ഗുണഭോക്താക്കൾക്കും, ഹയർ സെക്കൻഡറി പരീക്ഷ എഴുതുന്നതിന് പത്ത് പേരുടെയും പരീക്ഷാ ഫീസ് സാക്ഷരതാ മിഷനിലേക്ക് അടച്ചിട്ടുണ്ട്. എന്നാൽ എത്ര ഗുണഭോക്താക്കൾ പരീക്ഷ എഴുതി എന്നത് സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാത്രമല്ല ഇതുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/21/18.6.22) മറുപടി നൽകിയിട്ടില്ല. ഗുണഭോക്താക്കൾ മുഴുവൻ പരീക്ഷ എഴുതി എന്ന് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്.

### 1-17 ഉപയോഗശൂന്യമായ ആസ്തികൾ ലേലം ചെയ്ത് തുക മുതൽക്കൂട്ടിയില്ല.

ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തികവർഷം വിവിധ പദ്ധതികളുടെ ഭാഗമായി ഉപയോഗശൂന്യമായ ആസ്തികൾ ലേലം ചെയ്യാൻ തീരുമാനിച്ചിരുന്നു.

എ) കുടിവെള്ള പദ്ധതികൾക്ക് മോട്ടോറുകൾ മാറ്റി സ്ഥാപിച്ചത്.

1. എടത്തുംമീത്തൽ കുടിവെള്ള പദ്ധതി
2. പാറപ്പുറം കുടിവെള്ള പദ്ധതി
3. ആയാടം പുളിയാറ കടുക്കാട്ടുമ്മതൽ കുടിവെള്ള പദ്ധതി

ബി)പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം-256/20-21) ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ മുൻവശത്തുള്ള ഷീറ്റുകൾ ഉപയോഗയോഗ്യമല്ലാത്തതിനാൽ ലേലം ചെയ്യാൻ തീരുമാനിച്ചത്.

മാറ്റി സ്ഥാപിച്ച മോട്ടോറുകൾ, ഷീറ്റുകൾ എന്നിവ വാല്യേഷൻ നടത്തി ലേലം ചെയ്ത് തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

### 1-18 പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി - കുടുംബ സംഗമം നടത്തിയില്ല

ഗ്രാമപഞ്ചായത്തിലെ പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |

| | |
|---|---|
| പ്രോജക്ട് നം. | 48/21 |
| അടങ്കൽ | 1100000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 1012536/- |
| ബിൽനം. തി. | 5/21/3.2.21 |

ഗ്രാമപഞ്ചായത്തിൽ നിരവധി വർഷങ്ങളായി പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി നടന്നു വരുന്നുണ്ട്. പാലിയേറ്റീവ് നോമിനൽ രജിസ്റ്റർ പ്രകാരം 529 രോഗികളുണ്ട്. കിടപ്പുരോഗികളായ 131 പേർ ഇപ്പോൾ പഞ്ചായത്തിലുണ്ട്. വർഷങ്ങളായി കിടപ്പിലായ രോഗികളുടെ മാനസികവും ശാരീരികവുമായ ഉല്ലാസത്തിനായി ഈ രോഗികളുടെ ഒരു സംഗമം സംഘടിപ്പിക്കാൻ സ.ഉ (സാധാ) നം.553/2019 /തസ്വഭവ.തി.7.3.2019 ഉത്തരവ് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ പദ്ധതി തുടങ്ങിയതിന് ശേഷം നാളിതുവരെ ഇത്തരത്തിലൊരു സംഗമം നടത്താൻ കഴിഞ്ഞിട്ടില്ല. രോഗികളുടെയും കുടുംബാംഗങ്ങളുടെയും ഒത്തുചേരലിനും മാനസികോല്ലാസത്തിനും സഹായകമാകേണ്ട ഇത്തരം പരിപാടികൾ നടത്തുന്ന കാര്യം പരിഗണിക്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/21/18.6.22) മറുപടി നൽകിയിട്ടില്ല.

1-19 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ - ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി

നിർവ്വഹണം - ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 190608

പ്രൊജക്ട്- 49/20-21

ചെലവ് - 190608 (ബിൽ നം.305/04.03.2021)

57 വയോജനങ്ങൾക്ക് കട്ടിൽ വിതരണം ചെയ്തതിന് വികസനഫണ്ടിൽ നിന്ന് 190608 രൂപ ചെലവഴിച്ചിട്ടുണ്ട്. 2019-20 ലെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. 05.10.2020ലെ 7 നമ്പർ തീരുമാനപ്രകാരം 2019-20ലെ ഗുണഭോക്തൃ ലിസ്റ്റിൽ പത്തൊമ്പതാം വാർഡിൽ ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ 2018-19 ലെ അവശേഷിക്കുന്ന ഗുണഭോക്താക്കളിൽ നിന്ന് താഴെപ്പറയുന്ന മൂന്ന് പേർക്ക് ആനുകൂല്യം നൽകിയതായി കാണുന്നു.

1) കല്ല്യാണി അമ്മ ,നാനോത്ത്മീത്തൽ

2) ജാനു പടപ്പനാട്ട്

3) അമ്മാളു കെ.എം, കുണ്ടുങ്കരമീത്തൽ

സ.ഉ(കൈ)നം.11/2018/തസ്വഭവ, തീ.29.01.2018 ഖണ്ഡിക11.3 (14) പ്രകാരം അംഗീകരിച്ച മുൻഗണന ലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കാവൂ. 2019-20 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റ് നിലവിൽ വന്നതിനാൽ തുടർന്ന് 2018-19 ലെ ഗുണഭോക്തൃ ലിസ്റ്റ് നിലനിൽക്കില്ല. മാത്രമല്ല വാർഡ് അടിസ്ഥാനത്തിലല്ല ഗുണഭോക്താക്കളെ നിശ്ചയിക്കേണ്ടത് (ജി.ഒ(പി) 220/97/ തസ്വഭവ തീ.02.09.1998 കൂടി കാണുക).

ഗ്രാമപഞ്ചായത്തിനെ ഒരൊറ്റ യൂനിറ്റായി കണ്ട് വേണം മുൻഗണനാ പട്ടിക തയ്യാറാക്കാൻ. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ 19-ാം വാർഡിൽ ഗുണഭോക്താക്കളില്ലാത്തതിനാൽ 18-19 വർഷത്തെ ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത നടപടി നിയമവിരുദ്ധമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (8/2020-21) മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-20 മുൻകൂർ ക്രമപ്പെടുത്തിയില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ 2008-09 മുതൽ 2016-17 വരെ ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർക്ക് മുൻകൂർ നൽകിയതിൽ 436500 രൂപ ക്രമപ്പെടുത്താനവശേഷിക്കുന്നതായി കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| മുൻകൂർ നൽകിയ തിയ്യതി | പ്രവൃത്തിയുടെ പേര് | കൺവീനർ | തിരിച്ച് പിടിക്കാൻ അവശേഷിക്കുന്ന മുൻകൂർ |
|---|---|---|---|
| 05.12.2008 | എരവട്ടൂർ ഗ്രാമീണ വായനശാല | മൊയ്തു | 39500 |
| 16.01.2019 | മഞ്ചേരിക്കുന്ന് IHDP | രേഖപ്പെടുത്തിയിട്ടില്ല. | 37500 |
| 04.03.2019 | എരവട്ടൂർ അങ്കണവാടി | സുരേഷ് | 24500 |
| 07.03.2019 | അഴകത്ത് താഴെ റോഡ് | ശശി പാലയാട് | 35000 |
| 16.01.2012 | പാവട്ട്പൊയിൽ നാടോമുഴി റോഡ് | സി.കെ.നാരായണൻ | 17500 |
| 29.02.2012 | പൊൻപറക്കുന്ന് വാട്ടർ സപ്ലൈ സ്കീം | പി.ടി.മോഹനൻ | 50000 |
| 25.03.2015 | മാമ്പ്രമല ശ്മശാനം റോഡ് | സുരേന്ദ്രൻ കുഴിപറമ്പിൽ മീത്തൽ | 95000 |
| 30.03.2016 | നരക്കമ്മൽ അങ്കണവാടി | ആയടത്തിൽ ദിവാകരൻ | 100000 |
| 28.03.2017 | മലോത്തോട്ടം WSS | പ്രേമൻ | 37500 |

വിശദമായ പരിശോധന നടത്തി, ക്രമപ്പെടുത്താനവശേഷിക്കുന്ന തുക 18% പലിശസഹിതം ഈടാക്കി ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയില്ല

സ.ഉ.(കൈ) നം.11/തസ്വഭവ തീയതി. 29.01.2018 ഖണ്ഡിക 6.7 പ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനതുഫണ്ടും ഉപയോഗപ്പെടുത്തി റോഡ്-റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും ഘടക

സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക, സേവന നിലവാരം ഉയർത്തുക, ആസ്തി വിപുലപ്പെടുത്തുക, സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുക, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുക എന്നിവയാണ് ആസ്തി സംരക്ഷണ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കുലർ നം. 50412/ഡി.ബി.2/ 2011/ ത.സ്വ.ഭ.വ, തീയതി 13.10.2011 പ്രകാരം ആസ്തി രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും, സർക്കുലർ നം.50608/ഡി.ബി.2/2009/ത.സ്വ.ഭ.വ,തീയതി 13.10.2010 ഉത്തരവ് പ്രകാരം ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. നിലവിലുള്ള ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ പ്രത്യേക ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കിയിട്ടില്ല.

പദ്ധതിയുടെ ഭാഗമായി എല്ലാ പൊതുസ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുക എന്നിവയും ആസ്തി സംരക്ഷണ പദ്ധതിയുടെ ഭാഗമാകേണ്ടതാണ്. റോഡിതര മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതുണ്ട് എന്നും നിഷ്കർഷിക്കുന്നുണ്ട്. ഇതിനായി പഞ്ചായത്തിലെ ആസ്തികളുടെ സംരക്ഷണത്തിന് മതിയായ പ്രാധാന്യം നൽകി പ്രൊജക്ടുകൾ ആവിഷ്കരിക്കേണ്ടതുണ്ട്. മെയിന്റനൻസ് ഫണ്ട് വിനിയോഗം സംബന്ധിച്ച ത.സ്വ.ഭ. വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെയും സർക്കുലറുകളിലെയും നിബന്ധനകൾ പാലിച്ച് കൊണ്ടായിരിക്കണം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടത്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി) 166/2017 ആയി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. മാന്വൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷികവിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക, വാർഷിക റിവ്യൂകൾ എന്നിവ നടത്തേണ്ടതാണ്. 2020-21 വർഷം ഇതുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലായോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/ 2020-21 തീ. 21.06.2022)മറുപടി ലഭ്യമാക്കുകയോ, എൻക്വയറി പ്രകാരം ആവശ്യപ്പെട്ട ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1). ഗ്രാമപഞ്ചായത്തിൽ അസറ്റ് മാനേജ്മെന്റ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി (AMMC) നിലവിൽ വന്നിരുന്നോ? ഉണ്ടെങ്കിൽ നിലവിൽ വന്ന തീയതി, അതിന്റെ ഘടന സംബന്ധിച്ച വിശദവിവരം.

2). തുടർന്ന് ആനുവൽ സ്റ്റാറ്റസ് അസസ്സ്മെന്റ് ഓഫ് അസറ്റ്സ് കണ്ടീഷൻ (ASAAC) നിർവ്വഹിച്ച് റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? ഉണ്ടെങ്കിൽ വിശദവിവരം.

3). ഗ്രാമപഞ്ചായത്ത് അസറ്റ് മാനേജ്മെന്റ് പ്ലാൻ (AMP) അംഗീകരിച്ചിരുന്നോ? ഉണ്ടെങ്കിൽ വിവരം.

4). മേൽ പ്രവർത്തനങ്ങളുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിൽ എന്നിവയുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ സ്വീകരിച്ച സമീപനരേഖ.

ഗ്രാമപഞ്ചായത്ത് ഒരു അസറ്റ് മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചതായോ, അതിനുവേണ്ട നടപടികൾ സ്വീകരിച്ചതായോ പഞ്ചായത്തിന്റെ വിവിധ മിനുട്സ് ബുക്കുകൾ പരിശോധിച്ചതിൽ

കാണാൻ കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ ഇപ്രകാരമുള്ള ഒരു സമീപനരേഖയുടെ അഭാവത്തിലാണ് ഗ്രാമപഞ്ചായത്ത് അതിന്റെ ആസ്തികളുടെ നിർമ്മാണം(സൃഷ്ടിക്കൽ), പരിപാലനം, കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചതെന്ന് കാണുന്നു. ആസ്തിസംരക്ഷണം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപെടുന്നതാണ്. ആയതിനാൽ മാന്വൽ പ്രകാരമുള്ള അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ മൂല്യം, അളവ്, പ്രദേശം, ആസ്തി ആർജ്ജിച്ച കാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനം സൂക്ഷിക്കേണ്ടതും ആസ്തിരജിസ്റ്റർ കാലാനുസൃതമാക്കി സൂക്ഷിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതുമാണ്. അസറ്റ് മാനേജ്മെന്റ് മാന്വൽ നിർദ്ദേശങ്ങൾ നടപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് സാംസ്കാരികനിലയം ഗ്രന്ഥശാല പ്രവർത്തിക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരം വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നടത്തിപ്പും പ്രോൽസാഹനവും ഗ്രാമപഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ പെടുന്നതാണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഗ്രന്ഥശാല നിലവിൽ വന്നത് 1991 ലാണ്. ഗ്രന്ഥശാലയുടെ സ്റ്റോക്ക് രജിസ്റ്റർ, പുസ്തക വിതരണ രജിസ്റ്റർ പാർട്ട് ടൈം ലൈബ്രേറിയനിൽ നിന്ന് ലഭിച്ച വിവരങ്ങൾ എന്നിവ പ്രകാരം രണ്ടു വർഷത്തിലധികമായി ഗ്രന്ഥശാല പ്രവർത്തിക്കുന്നില്ല. ഗ്രന്ഥശാലയിൽ പുതിയ പുസ്തകങ്ങളില്ല. 2005-06 വർഷമാണ് ഗ്രന്ഥശാലയിലേക്ക് അവസാനമായി പുസ്തകങ്ങൾ വാങ്ങിയത്.01.10.2019ലാണ് അവസാനമായി പുസ്തകം വിതരണം ചെയ്തത്. സ്റ്റോക്ക് രജിസ്റ്റർ, പുസ്തക വിതരണ രജിസ്റ്റർ, എന്നിവ പഞ്ചായത്ത് അധികൃതർ പരിശോധന നടത്തുന്നതായി കാണുന്നില്ല. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 2012 മുതൽ വിതരണം ചെയ്ത പുസ്തകങ്ങൾ തിരികെ ലഭിക്കാനുള്ളതായി കാണുന്നു. ഗ്രന്ഥശാലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി, പുതിയ പുസ്തകങ്ങളും റഫറൻസ് പുസ്തകങ്ങളും ലഭ്യമാക്കി പ്രവർത്തന സജ്ജമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടിയില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 1-23 ഐ.കെ.എം വിഹിതം- അധിക തുക നൽകി.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഐ.കെ.എം വിഹിതം നൽകൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിലും ആസൂത്രണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 3/20-21, ഐ.കെ.എം വിഹിതം നൽകൽ |
| അടങ്കൽ | 100000 (വികസന ഫണ്ട്- ജനറൽ ) |
| ചെലവ് | 100000 |
| ബിൽ/ വൗച്ചർ നം. | 45/2020-21, |

അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഐ.കെ.എം. ഡയറക്ടറുടെ 18.03.2020 തിയ്യതിയിലെ IKM/A7/894/2020 നമ്പർ കത്ത് മുഖേന 2020-21 വർഷത്തെ ഡിമാന്റ് തുക 94876 രൂപയാണെന്നത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിലും 100000 രൂപ ഐ.കെ.എം ന് വിഹിതമായി അനുവദിച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നും 5124 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്.
2. മുൻകൂറായി നൽകിയ തുക മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ അപ്രകാരം അക്കൗണ്ട് ചെയ്യുകയോ ചെയ്തിട്ടില്ല.

3. 2018-19 വർഷത്തിലും ഡിമാന്റ് തുക 101363 രൂപ മാത്രമായിരിക്കെ 150000 രൂപ ഐ.കെ.എം ന് അനുവദിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക 2019-20 വർഷത്തിലെ ഡിമാന്റിൽ നിന്നും പൂർണ്ണമായി ക്രമീകരിച്ചിട്ടില്ല. 2019-20 വർഷത്തിൽ അധികമായി നൽകിയ തുകയിൽ നീക്കിയിരിപ്പുള്ള തുക കുറവ് ചെയ്താണ് 2020-21 വർഷത്തെ ഡിമാന്റ് തുക 94876 രൂപയായി നിശ്ചയിച്ചിട്ടുള്ളത്. മേൽ വസ്തുതയിൽ നിന്നും ഡിമാന്റിൽ അധികരിച്ച തുക മുൻകൂറായി സർക്കാർ ഗ്രാന്റുകളിൽ നിന്നും ചെലവഴിക്കുന്ന പ്രവണത വർഷങ്ങളായി പിന്തുടർന്ന് വരുന്നുണ്ടെന്ന് വ്യക്തമാകുന്നു.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40 (C) പ്രകാരം സർക്കാർ ഫണ്ടുകൾ മുൻകൂറായി ചെലവഴിക്കരുതെന്ന വ്യവസ്ഥ പാലിക്കാതെയാണ് മേൽ ചെലവ് നിർവ്വഹിച്ചിട്ടുള്ളത്. തൻവർഷത്തെ ഡിമാന്റ് തുക 18.03.2020 തിയ്യതിയിൽ ഐ.കെ.എം ഡയറക്ടർ പഞ്ചായത്തിനെ അറിയിച്ചിരുന്ന സാഹചര്യത്തിലും പദ്ധതിക്ക് 100000 രൂപയുടെ സാമ്പത്തികാനുമതി നൽകിയ ഭരണസമിതി, ഡിമാന്റിൽ അധികരിച്ച തുക ചെലവ് ചെയ്ത സെക്രട്ടറി എന്നിവർ സർക്കാർ ഗ്രാന്റ് ദുർവിനിയോഗം ചെയ്യുകയാണുണ്ടായിട്ടുള്ളത്. ചെലവ് അംഗീകരിച്ച് നൽകിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പും ചുമതലാപരമായ പങ്ക് വഹിക്കുന്നതിൽ വീഴ്ച വരുത്തിയതും അപാകതക്ക് കാരണമായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.13/2020-21 തിയ്യതി- 17.06.2022) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. അധികമായി നൽകിയ തുക മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തി തുടർ വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്. അധികമായി ചെലവഴിച്ച 5124 രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ആവശ്യകത നിർണ്ണയിക്കാതെ കമ്പ്യൂട്ടറുകൾ വാങ്ങി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിലും ആസൂത്രണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 24/20-21,<br>പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 171242 (വികസന ഫണ്ട്- ജനറൽ )<br>195378 ( ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ് | 170534 (വികസന ഫണ്ട്- ജനറൽ ) |

| | |
|---|---|
| | 195378 ( ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ബിൽ/ വൗച്ചർ നമ്പർ | 400/30-03-2021, |

അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. 2020-21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടറുകളുടെ എ.എം.സി പദ്ധതി (പ്രൊജക്ട് നം.4/20-21 ) പ്രകാരം 21 കമ്പ്യൂട്ടറുകൾക്ക് എ.എം.സി വെച്ചിട്ടുണ്ട്. ഇതിൽ നിന്നും ഈ കാലയളവിൽ 21 കമ്പ്യൂട്ടറുകൾ സ്ഥാപനത്തിൽ പ്രവർത്തനക്ഷമമായിരുന്നെ ന്നും എല്ലാ സെക്ഷനുകളിലും അധിക സീറ്റുകൾക്കും ആനുപാതികമായി പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകൾ ഉണ്ടായിരുന്നെന്നും വ്യക്തമാണ്. മേൽ 21 കമ്പ്യൂട്ടറുകൾക്കും എ.എം.സി ഉള്ളതിനാൽ ആവശ്യമെങ്കിൽ സ്പെസിഫിക്കേഷൻ അപ്ഗ്രേഡ് ചെയ്യുന്നതിന് സാധ്യമാകുമായിരുന്നു. മേൽ സാഹചര്യത്തിലും പദ്ധതി മുഖേന ഒരു ലാപ്ടോപ്പും 3 കമ്പ്യൂട്ടറുകളും പുതുതായി വാങ്ങിയിട്ടുണ്ട്. പ്രൊജക്ടിന്റെ കുറിപ്പ് ഫയലിൽ പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, ഫ്രണ്ട് ഓഫീസ് അസിസ്റ്റന്റ് എന്നിവരുടെ ഉപയോഗത്തിലേക്കാണ് കമ്പ്യൂട്ടറുകൾ വാങ്ങുന്നതെന്നാണ് രേഖപ്പെടുത്തി യിട്ടുള്ളത്. എന്നാൽ മേൽ കമ്പ്യൂട്ടറുകൾ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്കൗണ്ടന്റ്, ഫ്രണ്ട് ഓഫീസ് എന്നീ സീറ്റുകളിലാണ് വിന്യസിച്ചിട്ടുള്ളത്. നിലിവിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്കൗണ്ടന്റ് എന്നിവരുടെ സീറ്റിൽ 2 കമ്പ്യൂട്ടറുകളും ഫ്രണ്ട് ഓഫീസിൽ 3 കമ്പ്യൂട്ടറുകളുമുണ്ട്. ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്കൗണ്ടന്റ് എന്നിവരുടെ സീറ്റിൽ മുൻപ് ഉപയോഗിച്ചിരുന്നതും പ്രവർത്തനക്ഷമമായിരുന്നതുമായ കമ്പ്യൂട്ടറുകൾ നിലവിൽ ഉപയോഗിക്കാത്ത നിലയിലാണുള്ളത് .
2. പദ്ധതി മുഖേന സെക്രട്ടറിയുടെ ആവശ്യത്തിലേക്കായി ഒരു ലാപ്ടോപ് വാങ്ങിയിട്ടുണ്ട്. ഓൺലൈൻ യോഗങ്ങൾ അറ്റൻഡ് ചെയ്യുന്നതിന് സഹായകമാകുന്നതിന് ഉയർന്ന സ്പെസിഫിക്കേഷൻ ഉള്ള ലാപ്ടോപ് ആവശ്യമുള്ളതിനാലാണ് പുതിയ ലാപ്ടോപ് വാങ്ങിയിട്ടുള്ളതെന്നാണ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. എന്നാൽ മേൽ ആവശ്യകത പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടില്ല. സെക്രട്ടറിയുടെ പഴയ ലാപ്ടോപ് മറ്റ് സീറ്റുകളിൽ പുനരുപയേഗിക്കാമായിരുന്നു എന്ന സാഹചര്യം നിലനിൽക്കെയാണ് മൂന്ന് കമ്പ്യൂട്ടറുകൾ പുതുതായി വാങ്ങിയിട്ടുള്ളത്.
3. കമ്പ്യൂട്ടറുകൾ CPRCS ൽ നിന്നും ലാപ് ടോപ് ലോക്കൽ ക്വട്ടേഷൻ നടപടിയിലൂടെയുമാണ് വാങ്ങിയിട്ടുള്ളത്. ഇത്തരത്തിൽ രണ്ട് തരത്തിൽ വാങ്ങൽ നടപടികൾ സ്വീകരിച്ചതിനാൽ വാങ്ങൽ നടപടികൾ ലാഭകരമല്ലായിരുന്നു എന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.14/2020-21 തിയ്യതി- 17.06.2022) സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. എ.എം.സി നിലനിൽക്കുന്നതും പ്രവർത്തനക്ഷമമായിരുന്നതുമായ കമ്പ്യൂട്ടറുകളാണ് മാറ്റി സ്ഥാപിച്ചത് എന്നതിൽ നിന്നും ആവശ്യകത നിർണ്ണയിക്കാതെയാണ് സെക്രട്ടറി കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുള്ളത് എന്നത് വ്യക്തമാണ്. ആവശ്യകത നിർണ്ണയിക്കേണ്ട വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനക്ഷമമല്ലായിരുന്നു എന്നതും അപാകതക്ക് കാരണമായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-25 കരാറുകാരന് അനധികൃതമായി തുക നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണം നികുതി അടവാക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിലും

ആസൂത്രണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 26/20-21, കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണം നികുതി അടവാക്കൽ |
| അടങ്കൽ | 1517307 |
| ചെലവ് | 570000 |
| ബിൽ/ വൗച്ചർ നം. | 195/20-11-2020 |

അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണം എന്ന പദ്ധതിയുടെ കരാറുകാരനായ ഫാസ്റ്റ് ലൈൻ പ്രൊജക്ട് പ്രൈവറ്റ് ലിമിറ്റഡിന് ജി.എസ്.ടി കോമ്പൻസേഷൻ നൽകുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് പ്രൊജക്ട് ഫയലിന്റെ കുറിപ്പ് ഫയലിൽ നിന്നും വ്യക്തമാണ്. 01.11.2017 തിയ്യതിയിലെ സ.ഉ(ആർ.ടി) 87/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 3 ലെ പട്ടികയിൽ നിന്നും കരാറുകാരന് ജി.എസ്.ടി കോമ്പൻസേഷന് അർഹതയില്ലെന്നത് വ്യക്തമാണ്. മേൽ വസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ 28.04.21 തിയ്യതിയിൽ AE/LID&EW/PBA/10/21-22 നമ്പർ കത്തിലൂടെ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് 2015 വർഷത്തിൽ ഡിഎസ്.ആർ 2013 അടിസ്ഥാനപ്പെടുത്തി 38 ശതമാനം കോസ്റ്റ് ഇൻഡക്സ് നിരക്കിൽ തയ്യാറാക്കിയിട്ടുള്ളതും 2015 വർഷത്തിൽ കരാർ ചമക്കപ്പെട്ടതുമാണ്. കരാറുകാർക്ക് 12 ശതമാനം ജി.എസ്.ടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച സാഹചര്യത്തിൽ കോസ്റ്റ് ഇൻഡക്സ് നിരക്കിൽ ഗണ്യമായ കുറവ് വരുത്തിയിരുന്നു. ഇതിൽ നിന്നും 38 ശതമാനം കോസ്റ്റ് ഇൻഡക്സ് നിരക്കിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിലെ നിരക്കുകളിൽ നികുതി ബാധ്യതകളും ഉൾപ്പെട്ടിരുന്നു എന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിൽ മേൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല.
2. മേൽ പദ്ധതി വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റി, ശുപാർശ ചെയ്തതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കിയ മിനുട്സ് പ്രകാരം 18.11.2018 ന് ശേഷം 28.01.2021 തിയ്യതിയിലാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിരിക്കുന്നത്. മേൽ പദ്ധതിയുടെ ആവശ്യകത നിശ്ചയിക്കപ്പെട്ടത് ഏത് ഘട്ടത്തിലാണെന്നത് വ്യക്തമല്ല. കാർഷിക വിപണനകേന്ദ്രം നിർമ്മാണ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ഇത്തരത്തിലൊരു പദ്ധതിയുടെ ആവശ്യകത ഉയർത്തിയിട്ടുമില്ല.

പ്രവൃത്തിക്ക് ജി.എസ്.ടി കോമ്പൻസേഷൻ നൽകുന്നതിനായി പദ്ധതി ആസൂത്രണം ചെയ്തതിന്റെയും തുക കരാറുകാരന് നൽകിയതിന്റെയും കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.15/2020-21,തിയ്യതി- 17.06.2022)

ആവശ്യകത നിശ്ചയിക്കാതെയും നിയമസാധുത പരിശോധിക്കാതെയും ആസൂത്രണ നടപടിക്രമങ്ങളെ മറികടന്നും സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 570000 രൂപയാണ് അനധികൃതമായി കരാറുകാരന് കൈമാറി ചെലവ് ചെയ്തിട്ടുള്ളത്. ചെലവ് തുക നിരാകരിക്കുന്നു. സർക്കാർ പണം ദുർവിനിയോഗം ചെയ്ത സെക്രട്ടറി അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നിരാകരിച്ച തുക പലിശ സഹിതം തിരിച്ചടക്കേണ്ടതുമാണ്.

### 1-26 കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ - റെയ്ഡ്കോയിൽ മോട്ടോറുകൾ നിന്നും നേരിട്ട് വാങ്ങി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ എടത്തും മീത്തൽ , പാറപ്പുറം, ആയടം-പുളിയാറ-കട്ടക്കാട്ടമ്മൽ എന്നീ കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റിസ്ഥാപിക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയുടെ നിർവ്വഹണത്തിലും ആസൂത്രണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊ പേര് | കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | 638478( ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ചെലവ് | 638478( ധനകാര്യ കമ്മീഷൻ അവാർഡ് ) |
| ബിൽ/ വൗച്ചർ നം. | 158/25-09-2020, 189/18-11-20, 228/15.01.21 |

1. മേൽ പദ്ധതികളുടെ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിലേക്കായി പുതിയ മോട്ടോറുകൾ വാങ്ങിയിട്ടുള്ളത് റെയ്ഡ്കോയുടെ പേരാമ്പ്ര ബ്രാഞ്ചിൽ നിന്നാണ് . കിർലോസ്കർ, ഡെക്കാൻ, സി.ആർ.ഐ എന്നീ കമ്പനികളുടെ മോട്ടോറുകളാണ് റെയ്ഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ റെയ്ഡ്കോയിൽ നിന്നും നേരിട്ട് വാങ്ങൽ നടത്തിയത് .
2. റെയ്ഡ്കോ വിതരണം ചെയ്ത ഡെക്കാൻ, സി.ആർ.ഐ എന്നീ കമ്പനികളുടെ മോട്ടോറുകളുടെ മോഡൽ സംബന്ധിച്ച വിശദാംശങ്ങൾ ബന്ധപ്പെട്ട കമ്പനികളുടെ ഒഫീഷ്യൽ വെബ്സൈറ്റിൽ നിന്നും ലഭ്യമായിട്ടില്ല. കിർലോസ്കർ കമ്പനിയുടെ മോട്ടോർ വിലയായി ഒഫീഷ്യൽ വെബ്സൈറ്റിൽ രേഖപ്പെടുത്തിയ തുകയിൽ അധികരിച്ച തുകക്കാണ് റെയ്ഡ്കോ മോട്ടോർ വിതരണം ചെയ്തിട്ടുള്ളത്.
3. എടത്തും മീത്തൽ, പാറപ്പുറം, ആയടം-പുളിയാറ-കട്ടക്കാട്ടമ്മൽ എന്നീ കുടിവെള്ള പദ്ധതികളുടെ മോട്ടോർ മാറ്റിസ്ഥാപിക്കുന്നതിനായി യഥാക്രമം 142265, 193786, 222346 രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ യഥാക്രമം 39550, 93112, 93112 രൂപ എന്നിവ മോട്ടോറിന്റെ വില എന്ന നിലയിലാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ശേഷിക്കുന്ന തുക വയറിംഗ്, പ്ലംബിംഗ് പ്രവൃത്തിയുടെ ചെലവായും ഇൻസ്റ്റലേഷൻ ചാർജ്ജായുമാണ് ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്യനിർണ്ണയം നടത്താതെയും ബിൽ തുക അനുവദിച്ച് നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. മോട്ടോർ സ്ഥാപിച്ചതിന്റെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേരും പ്രൊജക്ട് നമ്പരും | സ്ഥാപിച്ച മോട്ടോറിന്റെ വിശദാംശം | മോട്ടോറിന്റെ വില | ഇൻസ്റ്റലേഷൻ, വയറിംഗ് & പ്ലംബിംഗ് പ്രവൃത്തികൾക്കായി ചെലവഴിച്ച തുക | ആകെ ചെലവ് |
|---|---|---|---|---|
| 54/20-21, എടത്തും മീത്തൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | Kirloskar KDT 864 MonoBloc, 7.5 HP | 39550 | 102715 | 142265 |
| 53/20-21, പാറപ്പുറം | Deccan DLM 10 | 93112 | 100674 | 193786 |

| | | | | |
|---|---|---|---|---|
| കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | HP | | | |
| 55/20-21, ആയടം, പുളിയാറ, കടുക്കാട്ടുമ്മൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | CRI CV-H10/11 10 HP Submersible | 93112 | 129234 | 222346 |

മേൽ പദ്ധതികൾ പ്രകാരം ഭീമമായതുക ഇൻസ്റ്റലേഷൻ ചാർജ്ജായി റെയ്ഡ്കോക്ക് അനുവദിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് മോട്ടോർ ഇൻസ്റ്റലേഷൻ, വയറിംഗ്, പ്ലംബിംഗ് പ്രവൃത്തികൾക്ക് സ്ഥാപനം തുക ചെലഴിച്ചിട്ടുള്ളത്. മേൽ പദ്ധതികളുടെ പഴയ മോട്ടോറിന്റെ തത്സ്ഥിതി വിവരം ഓഡിറ്റിനെ അറിയിക്കണമെന്നാവശ്യപ്പെട്ടും അപാകതകൾ ചൂണ്ടികാണിച്ചും നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പുകൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒരൊറ്റ പദ്ധതിയായി നടപ്പാക്കുന്നതിന് പകരം വിവിധ പദ്ധതികളായി ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ വാങ്ങൽ നടപടികൾ കൈക്കൊള്ളുകയും എസ്റ്റിമേറ്റില്ലാതെ വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുകയും ചെയ്ത നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവ് തുകയായ 638478 രൂപ തടസ്സപ്പെടുത്തുന്നു.

1-27 എസ്.സി കുടിവെള്ള പദ്ധതികളുടെ ഗുണഭോക്തൃ വിവരങ്ങൾ ലഭ്യമല്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിലും ആസൂത്രണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊ പേര് | കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടവാക്കൽ |
| അടങ്കൽ | 400000( എസ്.സി.പി ) |
| ചെലവ് | 353511( എസ്.സി.പി ) |

താഴെ പറയുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടവാക്കുന്നതിനാണ് പദ്ധതി പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്. മേൽ പദ്ധതികളുടെ ആകെ ഗുണഭോക്താക്കളുടെയും എസ്.സി പദ്ധതികളുടെയും വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിനോട് സ്ഥാപനം പ്രതികരിച്ചിട്ടില്ല. എസ്.സി കുടിവെള്ള പദ്ധതികൾ എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് 2020-21 വർഷത്തിൽ വൈദ്യുതചാർജ്ജ് അടവാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. നടുക്കണ്ടി മീത്തൽ കുടിവെള്ള പദ്ധതി
2. കരുവഞ്ചേരി കുടിവെള്ള പദ്ധതി
3. വേവൂർ കൂട്ടം കുടിവെള്ള പദ്ധതി
4. പുറ്റംപൊയിൽ കുടിവെള്ള പദ്ധതി.
5. ചാലക്കുന്ന് കുടിവെള്ള പദ്ധതി.

6. ആനേരിക്കുന്ന് കുടിവെള്ള പദ്ധതി
7. തരിപ്പമല കുടിവെള്ള പദ്ധതി
8. മഞ്ചേരിക്കുന്ന് കുടിവെള്ള പദ്ധതി
9. കൈപ്രം കുടിവെള്ള പദ്ധതി
10. കാപ്പുമ്മൽ കുടിവെള്ള പദ്ധതി
11. കണ്ണോത്ത് കുന്ന് കുടിവെള്ള പദ്ധതി
12. കേളോത്ത് മീത്തൽ തൈക്കണ്ടി മീത്തൽ കുടിവെള്ള പദ്ധതി
13. ചേർമല സാംബവ കോളനി കുടിവെള്ള പദ്ധതി.

പഞ്ചായത്ത് ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പദ്ധതികളിൽ നാല് പദ്ധതികളുടെ ഗുണഭോക്തൃസമിതി കൺവീനർ/ചെയർമാന്മാരെ ഫോണിൽ ബന്ധപ്പെട്ടതിൽ നിന്നും കേളോത്ത് മീത്തൽ തൈക്കണ്ടി മീത്തൽ കുടിവെള്ള പദ്ധതിയുടെ 25 ശതമാനത്തിലും കണ്ണോത്ത്കുന്ന് കുടിവെള്ള പദ്ധതിയുടെ 35 ശതമാനത്തിൽ താഴെയും മാത്രമെ എസ്.സി കുടുംബങ്ങൾ ഉള്ളൂവെന്നത് വ്യക്തമായിട്ടുണ്ട്. ഗുണഭോക്താക്കളെ സംബന്ധിച്ച ഡാറ്റയുടെ അഭാവത്തിൽ മേൽ പദ്ധതികൾ എസ്.സി ഗുണഭോക്തൃ പദ്ധതികളാണെന്ന് ഉറപ്പ് വരുത്തുന്നതിന് ഓഡിറ്റിന് സാധിച്ചിട്ടില്ല. പദ്ധതികളുടെ നിലവിലെ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ-നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല

അത്യാവശ്യമായ നടപടിക്രമങ്ങൾ പോലും പാലിക്കപ്പെടാതെ റവന്യൂ ചെലവുകൾ തനത്ഫണ്ടിൽ നിന്നും വഹിക്കുന്നതായി വൗച്ചറുകളിൽ നിന്നും വ്യക്തമാകുന്നു. ഇതിനുള്ള ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ചെലവിനം | വൗച്ചർ നം | തുക | അപാകത |
|---|---|---|---|---|
| 1 | മീറ്റിംഗ് ഹാൾ , എ.ഇ ഓഫീസ് എന്നിവിടങ്ങളിൽ കർട്ടൻ ഫിറ്റിംഗ്(പ്രജി ആർട്സ് പേരാമ്പ്ര) | 22001242/ 26.2.21 | 22880 | മൂന്നിനങ്ങളിലായി ആകെ 41830/- രൂപയുടെ ഒരേ സ്വഭാവമുള്ള പ്രവൃത്തികൾ മൂന്ന് പേരെ കൊണ്ട് മൂന്ന് വ്യത്യസ്ത സമയങ്ങളിൽ ചെയ്യിച്ച് കണ്ടിജന്റ് ചെലവ് എന്ന രീതിയിൽ പണം ചെലവഴിച്ചു. ആവശ്യം എവിടെ നിന്ന് ഉയർന്നു എന്ന് വ്യക്തമാക്കപ്പെട്ടില്ല .നിർവ്വഹിച്ചവർ അവരുടെ നിരക്കിൽ ബിൽ സമർപ്പിച്ചപ്പോൾ അതേ തുക നല്കി. കേരള ഫിനാൻഷ്യൽ |
| 2 | പ്രസിഡന്റ് ,വൈസ് പ്രസിഡന്റ് എന്നിവരുടെ മുറികളിൽ കർട്ടൻ ഫിറ്റിംഗ്(അൽ അമീൻ, പേരാമ്പ്ര) | 22001048/13.1.21 | 6600 | |
| 3 | ഐഎസ് ഒ സർട്ടിഫിക്കേഷന്റെ ഭാഗമായ | 2200751/16.10.20 | 12350( 34300/-രൂപയിൽ) | |

| | | | | |
|---|---|---|---|---|
| | പ്രവൃത്തികൾ- ആകെ 34300/-രൂപ ചെലവഴിച്ചതിൽ ഫീഡിംഗ് റൂം NREGSറൂം എന്നിവയിൽ കർട്ടൻ സ്ഥാപിച്ച തുക+വൈസ് പ്രസിഡന്റിന്റെ മുറി സെറ്റ് ചെയ്ത തുക | | | കോഡ്,ആർട്ടിക്കിൾ 40(b) പ്രകാരമുള്ള പ്രൊപ്രൈറ്റിയില്ലാതെ ചെലവ് നടത്തി |
| 4 | ആനേരികുന്ന് കടിവെള്ള പദ്ധതിയുടെ 5HP പമ്പ് സെറ്റ് റിപ്പയർ ചെയ്ത വകയിലെ ചെലവ് കൺവീനർക്ക് നല്കിയത് | 22000875/ 24.1.20 | 25252 | റിപ്പയർ ചെയ്ത സ്ഥാപനത്തിന്റെ ബിൽ കമ്മിറ്റി കൺവീനർമാർ നല്കിയതിനെ തുടർന്ന് തുക അനുവദിച്ചു. റിപ്പയർ നടപടിക്രമങ്ങളിൽ സ്ഥാപനത്തിന്റെ യാതൊരു ഇടപെടലും ഇല്ല.സമർപ്പിച്ച ബിൽ പ്രകാരമുള്ള , പമ്പ് സെറ്റ് കിണറിൽ നിന്ന് ഉയർത്തി സ്ഥാപനത്തിലേക്ക് കൊണ്ടു പോയതിനും തിരിച്ചെത്തിച്ചതിനും ഉള്ള ചെലവ് ഗുണഭോക്തൃ സമിതിക്ക് വഹിക്കാമെന്നിരിക്കെ അതുംബിൽ പ്രകാരം അനുവദിച്ചു. ക്രമ നം 5ന്റെ കാര്യത്തിൽ സ്ഥാപനത്തെ തെരെഞ്ഞെടുക്കുന്നതിൽ കൺവീനർ ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല.കൂടാതെ ഈ ചെലവുകൾ പ്രൊജക്ട് പ്രകാരം റീക്ലപ്പ് ചെയ്യുമെന്ന് തീരുമാനിച്ചെങ്കിലും നടപടികളില്ല |
| 5 | കൊളോർമല കടിവെള്ള പദ്ധതിയുടെ 10HP പമ്പ് സെറ്റ് റിപ്പയർ ചെയ്ത വകയിലെ ചെലവ് കൺവീനർക്ക് നല്കിയത് | 2200173/10.2.21 | 32500 | |

| | | | | |
|---|---|---|---|---|
| 6 | വിവി ദക്ഷിണാമൂർത്തി ഹാളിൽ പ്ലംബിംഗ് ജോലി ,പമ്പ് സെറ്റ് സ്ഥാപിക്കൽ എന്നിവ ചെയ്തയിനത്തിൽ മെട്രോ ലൈറ്റ്സ് പേരാമ്പ്ര എന്ന സ്ഥാപനത്തിന് നല്കിയ തുക | 22001155/10.2.21 | 31241 | എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ പ്രവൃത്തി നടത്തി. പ്രവൃത്തി അതേ അളവിൽ നിർവ്വഹിച്ചത് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല ക്രമ നം 7ന്റെ കാര്യത്തിൽമത്സരക്ഷമത ഉറപ്പാക്കിയില്ല |
| 7 | ഓഫീസിലെ വയറിംഗ് അറ്റകുറ്റപ്പണി നടത്തി തുക നല്കിയത് | 22000964/ 9.12.20 | 24400 | |
| 8 | അപകടത്തിൽ പെട്ടതിനെ തുടർന്ന് സ്കോർപിയോ ജീപ് അറ്റകുറ്റപ്പണി നടത്തിയ വകയിൽ നല്കിയത് | 22000140/ 22.5.20 | 83594 | നിർവ്വഹിക്കേണ്ട അറ്റകുറ്റപ്പണി ഏതൊക്കെയെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്താതെ (Essentiality Certificate) പ്രവൃത്തി നടത്തി തുക നല്കി |
| 9 | സ്കോർപിയോ ജീപ് അറ്റകുറ്റപ്പണി നടത്തിയ വകയിൽ നല്കിയത് | 22001400/31.3.21 | 20661 | |

നടപടിക്രമങ്ങൾ പാലിക്കാതിരിക്കുകയെന്ന പൊതുസ്വഭാവം മേല്പറഞ്ഞതുൾപ്പെടെ മിക്ക ചെലവുകളിലും കാണുന്നുണ്ട്. അടിയന്തിര സ്വഭാവം ചൂണ്ടിക്കാട്ടിയാണ് ഇത്തരത്തിൽ ചെലവുകൾ വഹിക്കുന്നതെന്ന് കാണാവുന്നതാണ്. ചെലവുകളിൽ പരമാവധി മിതത്വം പാലിക്കുകയെന്ന അടിസ്ഥാന തത്വം ഇത് മൂലമുണ്ടായിട്ടില്ല. തനത്ഫണ്ട് കമ്മിയായ സാഹചര്യത്തിലാണ് ഇപ്രകാരം ചെലവ് വന്നതെന്ന് കാണാവുന്നതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കാതെ തനത് ചെലവുകൾ നടത്തിയതിന് വിശദീകരണം നല്കേണ്ടതും തുടർവർഷങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-29 ഹരിതകർമ്മസേന നിഷ്ക്രിയം-മാലിന്യ നിർമ്മാർജ്ജനത്തിന് വൻ തുക ചെലവഴിച്ചു

പ്ലാസ്റ്റിക് അജൈവമാലിന്യങ്ങൾ കയറ്റി അയക്കുന്നതിനായി ഓഡിറ്റ് വർഷത്തിൽ താഴെ പറയും പ്രകാരം തുക വിനിയോഗിച്ചിട്ടുണ്ട്.

| ക്രമനം | ചെലവിനം | | വൗച്ചർ നം | തുക |
|---|---|---|---|---|
| 1 | പ്ലാസ്റ്റിക് കവർ വാങ്ങിയത് | | 22001059/14.1.21 | 7700 |
| 2 | ടി | | 22000185/30.5.20 | 4200 |
| 3 | ടി | | 22001061/16.1.21 | 7700 |
| 4 | ടി | | 22001136/6.2.21 | 7000 |
| 5 | വേസ്റ്റ് പ്ലാസ്റ്റിക് ബാഗിൽ നിറക്കുന്നതിന് കൂലി നല്കിയത് | | 22000184/30.5.20 | 9900 |
| 6 | ടി | | 22000269/12.6.20 | 13500 |
| 7 | ടി | | 22000328/22.6.20 | 8100 |
| 8 | അജൈവ പാഴ്വസ്തുക്കൾ ലോഡാക്കി കയറ്റി അയച്ചതിന് നേച്വർ ഗാർഡ് എന്ന സ്ഥാപനത്തിന് നല്കിയ തുക 12120 കിലോ 8.25 രൂപ/ കിലോ നിരക്കിൽ | | 22001314/15.3.21 | 99990 |
| 9 | അജൈവ പാഴ്വസ്തുക്കൾ ലോഡാക്കി കയറ്റി അയച്ചതിന് നേച്വർ ഗാർഡ് എന്ന സ്ഥാപനത്തിന് നല്കിയ തുക 11350 കിലോ 8.25 രൂപ/ കിലോ നിരക്കിൽ | | 22001355/22.3.21 | 149985 |
| 10 | ടൗണിൽ നിന്നും ശേഖരിച്ച മാലിന്യം പഴയ പഞ്ചായത്ത് കെട്ടിടത്തിൽ വച്ച് തരം തിരിച്ചതിന് തൊഴിലാളി കൾക്ക് നല്കിയ കൂലി | | 22001315/15.3.21 | 22050 |
| 11 | അജൈവ പാഴ്വസ്തുക്കൾ ലോഡാക്കി കയറ്റി അയച്ചതിന് നേച്വർ ഗാർഡ് എന്ന സ്ഥാപനത്തിന് | ഈ വൗച്ചറുകൾ പ്രകാരമുള്ള തുകകളിൽ 300000/-രൂപ 283/21- മാലിന്യം നീക്കം | 22001079/20.1.21 | 214345 |

| | | | | |
|---|---|---|---|---|
| | നല്കിയ തുക | | | |
| 12 | അജൈവ പാഴ്വസ്തുക്കൾ ലോഡാക്കി കയറ്റി അയച്ചതിന് നേച്വർ ഗാർഡ് എന്ന സ്ഥാപനത്തിന് നല്കിയ തുക | ചെയ്യൽ എന്ന പ്രൊജക്റ്റ് പ്രകാരം (Cfc Tide Fund)തനത് ഫണ്ടിലേക്ക് റീക്രൂപ്പ് ചെയ്തു | 22001095/21.1.21 | 169575 |
| 13 | അജൈവമാലിന്യങ്ങൾ വേർതിരിച്ച് കയറ്റി അയക്കുന്നതിന് 265/21-ക്ലീൻ കേരള കമ്പനിക്ക് തുക നല്കൽ എന്ന പ്രൊജക്റ്റ് പ്രകാരം നല്കിയ തുക(ആകെ 667352/-രൂപയുടെ ബില്ലിൽ നിന്നും പ്രൊജക്റ്റ് പ്രകാരം അനുവദിച്ച തുക) | | 31/3.11.20 | 479883 |
| ആകെ ചെലവ് | | | | 1193928/- |

ആകെ 1193928/- രൂപ അജൈവമാലിന്യങ്ങൾ തരംതിരിച്ച് നീക്കം ചെയ്യുന്നതിന് ചെലവഴിച്ചെന്ന് മേൽ വിവരങ്ങൾ വ്യക്തമാക്കുന്നു. മറ്റൊരു തദ്ദേശ ഭരണ സ്ഥാപനത്തിലും ഇല്ലാത്ത ചെലവാണ് മാലിന്യം നീക്കുന്നതിനായി സ്ഥാപനത്തിനുണ്ടായിരിക്കുന്നത്. ഇതിലേക്ക് നയിച്ച സാഹചര്യം താഴെ കൊടുക്കുന്നു.

ഹരിതകർമ്മസേന നിഷ്ക്രിയമായി

അജൈവമാലിന്യങ്ങൾ സ്രോതസ്സിൽ നിന്നും, സൃഷ്ടിക്കുന്നവരുടെ ചെലവിൽ തരംതിരിച്ച് ശേഖരിച്ച് , മൂല്യവർദ്ധിത വസ്തുവായി വരുമാനമാർജ്ജിച്ചു കൊണ്ട് കൈയ്യൊഴിയുന്ന സംവിധാനമായ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ സ്ഥാപനത്തിൽ നടക്കാത്തതാണ് അനാവശ്യമായ ചെലവ് മാലിന്യ നിർമ്മാർജ്ജനത്തിന് വരാൻ കാരണമായത്. കർമ്മസേനയുടെ ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ചതിൽ, 2020 ജനുവരി 2 മുതലാണ് കുറഞ്ഞ തോതിലെങ്കിലും സേന പ്രവർത്തിച്ചതെന്ന് വ്യക്തമാകുന്നു. മാർച്ച് 31 വരെയുള്ള കാലയളവിൽ ആകെ 45120/-രൂപ മാത്രമാണ് സേന പിരിച്ചെടുത്തത്. ഹരിതകർമ്മസേന നിഷ്ക്രിയമായത് മൂലം വൻതോതിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യപിച്ചുകിടക്കാൻ കാരണമായതായി 12.2.21തീയതിയിലെ 6(1)നമ്പർ തീരുമാനം വ്യക്തമാക്കുന്നു. പഞ്ചായത്തിന്റെ പൊതു ഇടങ്ങളായ റോഡു പരിസരങ്ങൾ, പത്തൊമ്പതു വാർഡിലേയും റോഡിനോട് ചേർന്നുള്ള ഓടകൾ, വയൽ പ്രദേശങ്ങൾ, തോടുകൾ എന്നിവിടങ്ങളിൽ വലിയ തോതിൽ പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കാലാകാലങ്ങളായി നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്നും, ആയത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നീക്കം ചെയ്യുന്നത് വളരെ അത്യാവശ്യമാണെന്നും ഭരണസമിതി വിലയിരുത്തിക്കാണുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ വാർഡുകളിലെ സന്നദ്ധസേവകർ, തൊഴിലുറപ്പ് പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ പൊതുജനങ്ങൾ എന്നവരുടെ സഹായത്തോടെ മാർച്ച് മാസം ഒന്നാം തീയതി മുതൽ അഞ്ചാം തീയതി വരെയുള്ള ദിവസങ്ങളിൽ ഇത്തരത്തിൽ പൊതു ഇടങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ള മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഭരണസമിതി തീരുമാനിക്കുകയും ചെയ്തു. ഇപ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ തരം തിരിക്കാൻ കഴിയാത്തതാകയാൽ കിലോയ്ക്ക് 8.25

രൂപ നിരക്കിൽ നീക്കംചെയ്യാൻ തയ്യാറായ നേച്വർ ഗാർഡ് എന്ന സ്ഥാപനത്തെ ഏല്പിക്കാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടിയാണ് ഇത്രയും ചെലവ് സ്ഥാപനത്തിനുണ്ടായതെന്ന് കാണാം. ഈ തീരുമാനത്തിനുശേഷം 272025/-രൂപയുടെ ചെലവ് മാത്രമാണ് വന്നത് എന്നത് പരിഗണിക്കുമ്പോൾ, ജനകീയമായ ഈ ഇടപെടലിന് മുമ്പ് തന്നെ വൻതോതിൽ മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുകയും കൈയ്യൊഴിയുകയും ചെയ്തെന്ന് മേൽ വിവരങ്ങൾ വെളിവാക്കുന്നു.

നീക്കം ചെയ്ത മാലിന്യങ്ങളുടെ സ്രോതസ്സ് , ശേഖരണം എന്നിവയിൽ വ്യക്ത തയില്ല

മാർച്ച് ഒന്നു മുതൽ അഞ്ച് വരെയുള്ള തീയതികളിൽ ജനകീയമായി ശേഖരണം നടത്തിയ മാലിന്യങ്ങളാണ് ക്രമ നം 8, 9, 10 എന്നീ വൗച്ചറുകൾ പ്രകാരമുള്ള തുക വിനിയോഗിച്ച് കയറ്റി അയച്ചതെന്ന് കാണാവുന്നതാണ്. അവശേഷിച്ച 921903/-രൂപ ചെലവഴിച്ച് നീക്കം ചെയ്ത മാലിന്യങ്ങൾ എപ്രകാരം ശേഖരിക്കപ്പെട്ടെന്ന് വ്യക്തതയില്ല. പ്രത്യേകിച്ച് ഹരിത കർമ്മസേന നിഷ്ക്രിയമായ സാഹചര്യത്തിൽ മാലിന്യം, അവ സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്വമായിരിക്കെ യാതൊരു തുകയും ഈടാക്കാതെ ഇവ ശേഖരിക്കപ്പെട്ടതെങ്ങനെയെന്ന് വ്യക്തമാക്കേണ്ടതുണ്ട്. മുൻവർഷം വാർഷിക പദ്ധതിയിൽ പെടുത്തി മാത്രം 644115/-രൂപ മാലിന്യനിർമ്മാർജ്ജനത്തിന് വിനിയോഗിച്ചിട്ടുണ്ട്(തനത് ഫണ്ടിൽ നിന്നുള്ള ചെലവ് എത്രയെന്ന് കണക്കുകൾ സൂക്ഷിക്കുന്നതിലെ വീഴ്ചകൾ മൂലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.). അതുകൊണ്ട് തന്നെ മുൻവർഷങ്ങളിൽ ശേഖരിക്കപ്പെട്ടവയല്ല ഇവയെന്ന് വ്യക്തമാണ്.

ചെലവുകൾ വഹിക്കുന്നത് വ്യത്യസ്ത ഫണ്ടുകളിൽ നിന്ന് -അക്കൗണ്ട് ചെയ്യുന്നതിൽ അപാകത

തനത് ഫണ്ട്, വാർഷിക പദ്ധതിയിലെ വിവിധ പ്രൊജക്ടുകൾ എന്നിവയിൽ നിന്നാണ് മാലിന്യ നിർമ്മാർജ്ജനത്തിനായി 11.94 ലക്ഷം രൂപ സ്ഥാപനം വിനിയോഗിച്ചത്. സി.എഫ്.സി ടൈഡ് ഫണ്ട് വകയിരുത്തി രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കി അതിൽ നിന്നും ആകെ 779883/-രൂപ വിനിയോഗിച്ചു. ഇത് ബുക്ക് ചെയ്തിരിക്കുന്നത് 251 ഇുടങ്ങുന്ന പ്ലാൻ റവന്യൂ ചെലവിലാണ്. ബാക്കി തുകയിൽ 83920/-രൂപ അഡ്വാൻസ് ഹെഡ്ഡിലും ബാക്കി തുക 220 ൽ തുടങ്ങുന്ന തനത് റവന്യൂ ചെലവിലുമാണ് ബുക്ക് ചെയ്തിരിക്കുന്നത്. ഇത് കൊണ്ട് തന്നെ ഈ ഇനത്തിനായി ഓഡിറ്റ് വർഷം ആകെ വിനിയോഗിച്ച തുകയെത്രയെന്ന് വാർഷിക കണക്ക് വെളിവാക്കുന്നില്ലെന്ന് കാണാം. ഇത് കണക്കുകൾ സുതാര്യമായിട്ടല്ല സൂക്ഷിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. ഒരു പ്രൊജക്ട് തയ്യാറാക്കി വിവിധ ഫണ്ടുകളിൽ നിന്നുള്ള വകയിരുത്തലുകൾ നടത്തി തുക വിനിയോഗിച്ചിരുന്നെങ്കിൽ ഒറ്റ ഹെഡ്ഡിൽ ആകെ ചെലവ് പ്രതിഫലിക്കുമായിരുന്നു.

പഞ്ചായത്ത് ഫണ്ടിൽ നിന്നും വൻതുക വിനിയോഗിക്കുന്ന തരത്തിൽ മാലിന്യം കൈകാര്യം ചെയ്തതിനും ചെലവ് അക്കൗണ്ട് ചെയ്യുന്നതിൽ സുതാര്യതയില്ലാത്തതിനും കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി നല്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 1193928/-രൂപ തടസ്സത്തിൽ വയ്ക്കുന്നു

## 1-30 താലൂക്ക് ആശുപത്രിയിലേക്ക് ഫോഗിംഗ് മെഷീൻ വാങ്ങിയതിലെ അപാകതകൾ

താലൂക്ക് ആശുപത്രിയിലേക്ക് ഫോഗിംഗ് മെഷീൻ വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| പ്രോജക്ട് നം. | 41/21 |
| അടങ്കൽ | 50000/- |
| ഫണ്ട് | വികസനം |
| ചെലവ് | 49750/- |

| ബിൽനം. തി. | 46/21/11.6.20 |
|---|---|

ജി.ഒ (പി) നമ്പർ 259/2010. തസ്വഭവ. തി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാന്വലിൽ 25000 നം 100000 നം രൂപയ്ക്ക് ഇടയിലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെൻഡർ രീതിയാണ് അവലംബിക്കേണ്ടത്. ഇത് പ്രകാരം 8 മുതൽ 10 വരെ പേരിൽ നിന്നും(കുറഞ്ഞത് 5) മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിക്കേണ്ടതാണ്. ഇതിൽ നിന്ന് പ്രൊക്യൂർമെന്റ് ടീമാണ് വാങ്ങലുകൾക്ക് അന്തിമാനമതി നൽകേണ്ടത്. എന്നാൽ മേൽ സൂചിപ്പിച്ച പദ്ധതിയിലെ വാങ്ങലുകൾക്ക് ഈ നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/21/18.6.22) മറുപടി നൽകിയിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാന്വലിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണമെന്ന വ്യവസ്ഥ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-31 വാഹനം അപകടത്തിൽ പെട്ടത്- ഇൻഷൂറൻസ് നാളിതുവരെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള KL 56 L8122 നമ്പർ സ്കോർപിയോ ജീപ്പ് 11.11.19 തീയതിയിൽ വെള്ളിയൂർ വച്ച് മറ്റൊരു വാഹനത്തിന്റെ പിന്നിൽ ഇടിച്ച് അപകടം സംഭവിച്ചിരുന്നു. വാഹനം കേടുപാടുകൾ തീർത്ത് വീണ്ടും നിരത്തിലിറക്കാൻ 83594/-രൂപ സ്ഥാപനത്തിന് ചെലവായിട്ടുണ്ട്. ഇത് ഓഡിറ്റ് വർഷം മെയ് മാസം തന്നെ (വൗച്ചർ നം 22000140/22.5.20) സ്ഥാപനം വഹിച്ചിട്ടുമുണ്ട്. എന്നാൽ നാളിതുവരെ വാഹനത്തിന്റ ഇൻഷുറൻസ് ഇനത്തിൽ തുകയൊന്നും സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിലാണ് വാഹനം ഇൻഷ്വർ ചെയ്തിരിക്കുന്നത്. അപകടം സംഭവിച്ച ഉടനെ തന്നെ ക്ലെയിം ആവശ്യപ്പെട്ട് ഇൻഷൂറൻസിന്റെ കോഴിക്കോട് ജില്ലാ ഓഫീസിലേക്ക് കത്തയച്ചതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ തുടർന്ന് നാളിതുവരെ ഇക്കാര്യത്തിൽ ഒരു നടപടിയും സ്ഥാപനം സ്വീകരിച്ചിട്ടില്ല. അപകടം സംഭവിച്ച് രണ്ടര വർഷത്തിലേറെയായിട്ടും ഇൻഷുറൻസ് തുക ലഭ്യമാകാത്തത് സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി കാണാം. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതാണ്. കൂടാതെ തുക അടിയന്തിരമായി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 83594/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-32 കെട്ടിട നിർമ്മാണ പദ്ധതികൾ സമഗ്രമായി ആവിഷ്കരിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷത്തിൽ മത്സ്യമാർക്കറ്റ്, കാർഷിക വിപണന കേന്ദ്രം കെട്ടിടങ്ങൾക്കായി ചുവടെ ചേർക്കും പ്രകാരം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇവയിൽ ഒന്നൊഴികെ എല്ലാം സ്പിൽ ഓവർ പദ്ധതികളുമാണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം, പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | കരാറുകാരന്റെ പേര്, കരാർ നം | പ്രവൃത്തി ആരംഭിച്ച തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി |
|---|---|---|---|---|---|---|
| 1 | മാലിന്യ ശേഖരണ സംവിധാനം(221/21) സ്പിൽ ഓവർ | 3356467 | 669388 | ശ്രീ. എം.എം. ബാലകൃഷ്ണൻ 62/17-18 തീ. 09.03.18 | 01.11.2018 | 23.09.19 |

| | | | | | | |
|---|---|---|---|---|---|---|
| 2 | മത്സ്യമാർക്കറ്റ് ഇലക്ട്രിഫിക്കേഷൻ (282/21) | 630000 | 380000 | ശ്രീ. മുരളീധരൻ. 47/2020-21 തീ. 30.01.21 | 03.02.2021 | 16.02.2021 |
| 3 | മത്സ്യമാർക്കറ്റ് കെട്ടിടം പൂർത്തീകരണം(259/21) സ്പിൽ ഓവർ | 300000 | 299861 | ശ്രീ. എം.എം ബാലകൃഷ്ണൻ 80/19-20 തീ. 07.03.20 | 07.03.20 | 27.07.20 |
| 4 | കാർഷിക വിപണന കേന്ദ്രത്തിലേക്ക് സ്പീക്കറും സ്റ്റാന്റും സ്ഥാപിക്കൽ(285/21) | 140800 | - | ശ്രീ. മുഹമ്മദ് അഷ്റഫ്. ആൽഫ ഇലക്ട്രോണിക്സ് 67/18-19 തീ. 28.01.19 | 06.02.2019 | 20.03.20 |
| 5 | കാർഷിക വിപണന കേന്ദ്രത്തിൽ പബ്ലിക് അഡ്രസ്സ് സിസ്റ്റം സ്ഥാപിക്കൽ(233/21) സ്പിൽ ഓവർ | 1098000 | 800000 | ശ്രീ. മുഹമ്മദ് അഷ്റഫ്. ആൽഫ ഇലക്ട്രോണിക്സ് 67/18-19 തീ. 28.01.19 | 06.02.2019 | 20.03.20 |
| 6 | അഗ്രികൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ പവർ വയറിംഗ്(234/21) സ്പിൽ ഓവർ | 1210000 | 1070428 | ശ്രീ. ഒ. രവികുമാർ ०1/19-20 തീ. 21.06.2019 | 21.06.19 | 06.03.20 |
| 7 | കാർഷിക വിപണന കേന്ദ്രത്തിൽ എയർകണ്ടീഷനിംഗം ഡീസൽ ജനറേറ്ററും സ്ഥാപിക്കൽ(218/21) സ്പിൽ ഓവർ | 4284000 | 3728592 | ജനറിക് പവർ ലിമിറ്റഡ് കാക്കനാട് 3/19-20 തീ. 29.07.19 | 04.10.19 | 16.06.20 |
| 8 | കാർഷിക വിപണന കേന്ദ്രം കെട്ടിടം പൂർത്തീകരണം(257/21) സ്പിൽ ഓവർ | 23000000 | 6628688 | ഫാസ്റ്റ് ലൈൻ 20/15-16 തീ. 01.09.15 | 01.09.2015 | 30.11.21 |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ (സ.ഉ 11/2018/ത.സ്വ.ഭ.വ തീ. 29.01.2018) ഖ 3.5.1(9) പ്രകാരം കെട്ടിട നിർമ്മാണ പ്രൊജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രൊജക്ട് ആയി വേണം തയ്യാറാക്കേണ്ടത് എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ, മേൽ പദ്ധതികൾ വർഷങ്ങളായി പ്രവൃത്തി തുടർന്ന വരുന്നവയുമാണ്. ഇവയിൽ ക്രമ നം.(4), (5), (6), (7), (8) എന്നിവ കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണവും അനുബന്ധ പ്രവൃത്തികളുമാണ്. മേൽ പ്രവൃത്തികളുടെ സാങ്കേതികാനുമതി പ്രകാരം പൂർത്തീകരണ കാലയളവ് 6 മാസമാണ്. എന്നാൽ ക്രമ നം. (3) ഒഴികെയുള്ളവ പൂർത്തീകരിച്ചിരിക്കുന്നത് 6 മാസക്കാലയളവ് കഴിഞ്ഞാണ്. ക്രമ നം.(8) പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 7 വർഷം കഴിഞ്ഞാണ്. പദ്ധതികൾ സമഗ്രമായി തയ്യാറാക്കാത്തതിന് വിശദീകരണം നൽകേണ്ടതും, പദ്ധതി പൂർത്തീകരണത്തിലെ കാലതാമസത്തിന്

പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-33 എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി നടത്തിപ്പിൽ നിരവധി പരാതികൾ

എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതി പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) തൊഴിലാളികൾക്ക് പ്രവൃത്തി ചെയ്യാത്ത ദിവസത്തെ കൂലി നൽകുന്നു

വാർഡ് രണ്ടിലെ രണ്ട് തൊഴിലാളികൾക്ക് ആറ് ദിവസം തരിശ് ഭൂമിയിൽ നിലമൊരുക്കൽ ജോലി ചെയ്തതിന് 42 ദിവസത്തെ വേതനം നൽകിയതുമായി ബന്ധപ്പെട്ട് പരാതി ഉയർന്നതിനെ തുടർന്ന് 30.09.2020 ന് തൊഴിലുറപ്പ് പദ്ധതി ഓവർസിയർ അന്വേഷണം നടത്തി തയ്യാറാക്കിയ റിപ്പോർട്ടിൽ ക്രമക്കേട് സ്ഥിരീകരിച്ചിട്ടുണ്ട്. ഈ വാർഡിലെ മേറ്റ്, ജോലി ചെയ്യാത്തവരുടെ പേരിലും വ്യാജരേഖയുണ്ടാക്കി കൂലി വാങ്ങിയതായി തെളിഞ്ഞിട്ടുണ്ട്. ഇതിനെ തുടർന്ന് മേറ്റിനെ ചുമതലയിൽനിന്ന് മാറ്റുകയും അനധികൃതമായി കൈപ്പറ്റിയ 35895/-രൂപ തിരിച്ച് പിടിക്കുന്നതിനും നിയമ നടപടി സ്വീകരിക്കുന്നതിനും 30.10.2020 ന് ചേർന്ന ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. തുക തിരിച്ചടച്ചിട്ടുണ്ടെങ്കിലും ഈ തുക ഇപ്പോൾ തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇത് തൊഴിലുറപ്പ് പദ്ധതി ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടില്ല. ക്രമക്കേട് കാണിച്ച മേറ്റിനെതിരെ നിയമ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

2) റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ കോൺട്രാക്ടർമാർക്ക് നൽകുന്നു

പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. പ്രവൃത്തികളുടെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും കാണുന്നു. 2019-20 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ രീതിയിൽ പ്രവൃത്തി നടത്തുന്നതിനെതിരെ പരാമർശമുണ്ടായിരുന്നു. എന്നാൽ ഇത് പരിഗണിക്കാതെ വീണ്ടും കരാറുകാർക്ക് തന്നെ വർക്ക് നൽകുന്ന പ്രവണത കാണുന്നു.

3) റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും അപാകത

ഓഡിറ്റിന്റെ ഭാഗമായി 18.6.2022 ന് കോൺക്രീറ്റ് റോഡുകൾ ഗ്രാമ പഞ്ചായത്ത് എൽ.എസ്.ജി.ഡി

ഓവർസിയറുടെ സാന്നിധ്യത്തിൽ പരിശോധിക്കുകയുണ്ടായി. ഇതിൽ വാർഡ് 19 ലെ കുറുങ്ങോട്ട് അങ്കണവാടി റോഡ് പ്രവൃത്തി നിശ്ചിത ഗുണനിലവാരം പുലർത്തുന്നില്ല എന്ന് ബോധ്യപ്പെട്ടു. റോഡ് പ്രവൃത്തി പൂർത്തിയായി ഒരു വർഷത്തിനകം തന്നെ കോൺക്രീറ്റ് പൊട്ടിപ്പൊളിയാൻ തുടങ്ങിയിട്ടുണ്ട്. എർത്തൻ ഷോൾഡറുകൾ തകർന്ന നിലയിലാണുള്ളത്. എം ബുക്ക് പ്രകാരം 84 മീറ്റർ ക്വാറി വേസ്റ്റ് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റോഡിന് കുറുകെ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി കട്ട് ചെയ്ത ഭാഗം, വശങ്ങൾ എന്നിവ പരിശോധിച്ചതിൽ ക്വാറിമക്ക് ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയതായി കാണാൻ കഴിഞ്ഞിട്ടില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ ആസൂത്രണതിത്തിലെയും നിർവ്വഹണത്തിലെയും അപാകതയാണ് ഇത് കാണിക്കുന്നത്. പദ്ധതികൾ കൃത്യമായി മോണിറ്റർ നടത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

4. സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിൽ ചില പ്രവൃത്തികളുടെ സൈറ്റ് ബോർഡ് സ്ഥാപിച്ചിട്ടില്ലെന്ന് പരാമർശിച്ചിട്ടുണ്ട്. മാത്രമല്ല ജോലിക്ക് പേർ നൽകിയ ചില വിദഗ്ദ തൊഴിലാളികൾക്ക് തൊഴിൽ നൽകിയിട്ടില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച അപാകതകളെല്ലാം തന്നെ തൊഴിലുറപ്പ് പദ്ധതിയുടെ ആസൂത്രണത്തിലെയും, നിർവ്വഹണത്തിലെയും, മോണിറ്ററിംഗിലെയും അപാകതകൾ സൂചിപ്പിക്കുന്നവയാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21/18.6.22) മറുപടി നൽകിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി സുതാര്യമായും അഴിമതി രഹിതമായും നടക്കുന്ന എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-34 അഗതി ആശ്രയ പദ്ധതി - മുഴവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യങ്ങൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തിയില്ല

ഗ്രാമപഞ്ചായത്തിൽ അഗതികളുടെ പുനരധിവാസത്തിനായി 2004-05 വർഷം മുതൽ ആശ്രയ പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | അഗതി ആശ്രയ (2004-2007) | 105 | 1854550 | 488574 |
| 2 | അഗതി ആശ്രയ,റീവിസിറ്റ് (2009-2010) | 86 | 3655000 | 1338394 |
| 3 | അഗതി ആശ്രയ തുടർസേവനം (2013-16) | 66 | 2603476 | 610826 |
| 4 | അഗതി ആശ്രയ രണ്ടാം ഘട്ടം | 58 | 11714660 | 329333 |

പദ്ധതിക്ക് വകയിരുത്തിയ മുഴവൻ തുകയും ചെലവഴിച്ചതായി കാണുന്നില്ല. മേൽ സൂചിപ്പിച്ച പദ്ധതികളിൽ ഉൾപ്പെട്ട മുഴവൻ ഗുണഭോക്താക്കൾക്കും പാക്കേജിൽ പരാമർശിച്ചിരിക്കുന്ന മുഴവൻ

ആനുകൂല്യങ്ങളും ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ആശ്രയ ഗുണഭോക്താക്കൾക്ക് വിവിധ ആനുകൂല്യങ്ങൾ നൽകുന്നത് രേഖപ്പെടുത്തുന്നതിന് സൂക്ഷിക്കേണ്ട മോണിറ്ററിംഗ് രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ ഓരോ ഘട്ടത്തിലും എത്ര തുക ചെലവഴിച്ചു എന്നതിന് കൃത്യമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. അതുകൊണ്ട് തന്നെ ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ സൂചിപ്പിച്ച എല്ലാ ആനുകൂല്യങ്ങളും ലഭിച്ചോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഭവന നിർമ്മാണത്തിന് ആനുകൂല്യം ലഭിക്കേണ്ടിയിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടില്ല.

നിലവിൽ അഗതിരഹിത കേരളം എന്ന പദ്ധതിയാണ് നടപ്പാക്കി വരുന്നത്. ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചത് 2019-20 സാമ്പത്തിക വർഷത്തിലാണ്. ഇതിൽ ആകെ 141 ഗുണഭോക്താക്കളാണ് ഉൾപ്പെട്ടിരിക്കുന്നത്. മുൻ വർഷങ്ങളിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കാത്ത ഗുണഭോക്താക്കൾ ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ആശ്രയ പദ്ധതിയുടെ നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ കമ്മിറ്റി രൂപീകരിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/21/18.6.22) മറുപടി നൽകിയിട്ടില്ല. അഗതി രഹിത കേരളം പദ്ധതിയിലെ മുഴുവൻ ഗുണഭോക്താക്കൾക്കും പ്രൊജക്ടിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, മുൻ വർഷങ്ങളിലെ പദ്ധതികളിൽ ആനുകൂല്യം ലഭിക്കാതെ പോയ അർഹരായ മുഴുവൻ ഗുണഭോക്താക്കളും നിലവിലുള്ള പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചും അറിയിക്കേണ്ടതാണ്.

## 1-35 റോഡ് ടാറിംഗ് പ്രവൃത്തിയിൽ ചെലവ് കുറഞ്ഞ ഇനം തെരെഞ്ഞെടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷത്തിൽ നിർവഹിക്കപ്പെട്ട റോഡ് ടാറിംഗ് പ്രവൃത്തികളിൽ ഉപയോഗപ്പെടുത്തിയിരിക്കുന്നത് 20mm ചിപ്പിംഗ് പാർപ്പറ്റ് ആണ്. മോർഡ് സ്പെസിഫിക്കേഷൻ പ്രകാരം ഗ്രാമീണ റോഡുകൾക്ക് ഉപയോഗപ്പെടുത്താവുന്നത് 20mm ചിപ്പിംഗ് കാർപ്പറ്റ്, മിക്സഡ് സീൽ സർഫസിംഗ് (MSS) എന്നിവയാണ്. 20mm ചിപ്പിംഗ് കാർപ്പറ്റ് ഓപ്പൺ ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ സീൽ കോട്ട് കൂടി നിർവഹിച്ചാലാണ് ടാറിംഗ് പ്രവൃത്തി പൂർത്തിയാവുന്നത്. എന്നാൽ മിക്സഡ് സീൽ സർഫസിംഗ് ക്ലോസ് ഗ്രേഡഡ് ആയതിനാൽ ഇതിനു മുകളിൽ സീൽകോട്ടിന്റെ ആവശ്യമില്ല.

ഇത് കൊണ്ട് തന്നെ കൂടുതൽ ചെലവേറിയ ഇനം 20mm ചിപ്പിംഗ് കാർപ്പറ്റ് ആണെന്ന് കാണാം. ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റിന്, ടാക്ക് കോട്ടിന് മുകളിൽ ചിപ്പിംഗ് കാർപ്പെറ്റ്, സീൽ കോട്ട് എന്നീ രണ്ടിനങ്ങൾ കൂടി നിർവ്വഹിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഇവയ്ക്ക് യഥാക്രമം 153.03 രൂപയും 60.63 രൂപയും നിരക്കിൽ കൂടി ഒരു എം സ്ക്വയർ പ്രവൃത്തി ചെയ്യാൻ ആകെ 213.66 രൂപ ചെലവ് വരുന്നുണ്ട്.

എന്നാൽ MSS (Mixed Seal Surfacing) സീൽ കോട്ട് ഉൾപ്പെടെ ചെയ്യുന്നതിനാൽ ഈ ഒരിനം മാത്രമാണ് ടാക്ക് കോട്ടിന് മുകളിൽ ചെയ്യുന്നത്. ഇതിന്റെ നിരക്ക് എം സ്ക്വയറിന് (മെക്കാനിക്കൽ) 161.97/-രൂപ മാത്രമാണ്. അതായത് 20mm ചിപ്പിംഗ് കാർപ്പറ്റ് നിർവ്വഹിക്കുമ്പോൾ എം സ്ക്വയറിന് 51.69 രൂപ അധിക ചെലവ് വരുന്നുണ്ടെന്ന് കാണാം. പഞ്ചായത്തിലെ റോഡ് ടാറിംഗ് പ്രവൃത്തികൾക്ക് ചെലവ് കുറഞ്ഞ ഇനം ഉൾപ്പെടുത്താതിരുന്നത് വിശദീകരിക്കേണ്ടതാണ്.

## 1-36 എൻ ആർ ഇ ജി എസ്-അളവുപുസ്തകങ്ങളുടെ പരിപാലനത്തിൽ അപാകത

എൻ.ആർ.ഇ.ജി.എസ് പദ്ധതിക്കായി വിതരണം ചെയ്തതും ഉപയോഗപ്പെടുത്തിയതുമായ അളവുപുസ്തകങ്ങളുടെ പരിപാലനത്തിൽ അപാകത കാണുന്നു. ഓഫീസ് സ്റ്റോക്കിൽ നിന്നും വിതരണം ചെയ്ത അളവുപുസ്തകങ്ങൾക്ക് എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ കൃത്യമായ സ്റ്റോക്ക്

സൂക്ഷിക്കാത്തതും, വിതരണം ചെയ്ത അളവുപുസ്തകങ്ങൾ ഏത് പ്രവൃത്തിക്ക് എന്ന് രേഖപ്പെടുത്താത്തതും അപാകതകളിൽ പ്രധാനപ്പെട്ടവയാണ്. വിതരണ രജിസ്റ്ററിൽ പ്രവൃത്തികളുടെ പേര് രേഖപ്പെടുത്താതെ 830 പുസ്തകങ്ങൾ വിതരണം ചെയ്തായി രേഖപ്പെടുത്തിയിട്ടുണ്ട്. പേര് രേഖപ്പെടുത്താത്തതിനാൽ ഇവ ഏതൊക്കെ പ്രവൃത്തികൾക്കുള്ളതാണെന്ന് വ്യക്തമല്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് അളവു പുസ്തകങ്ങൾക്ക് നേരെ പ്രവൃത്തികളുടെ പേര് രേഖപ്പെടുത്തി രജിസ്റ്റർ പുന സമർപ്പിച്ചത് പരിശോധിച്ചതിൽ 208 പുസ്തകങ്ങൾക്ക് നേരെ പേര് രേഖപ്പെടുത്താതെ ഒഴിച്ചിട്ടതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇവ ഏതൊക്കെ പ്രവൃത്തികൾക്കെന്ന് വിശദമാക്കേണ്ടതുണ്ട്. കൂടാതെ ഓഡിറ്റ് വർഷം 477 പ്രവൃത്തികൾ നിർവ്വഹിച്ചിരിക്കയാൽ അത്രയും പ്രവൃത്തികൾക്കാണ് 830 പുസ്തകങ്ങൾ വിനിയോഗിച്ചതെന്ന് കാണാം. മിക്ക പ്രവൃത്തികൾക്കും ഒന്നിൽ കൂടുതൽ പുസ്തകം ഉപയോഗിച്ചെന്ന് ഇത് വ്യക്തമാക്കുന്നു. ഇവ ഏതൊക്കെയെന്നും വ്യക്തമാക്കേണ്ടതാണ്.

അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്താത്തതിനാൽ എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ ലഭ്യമായ പുസ്തകങ്ങളുടെ വരവ് , ഉപയോഗം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങളില്ല. പഞ്ചായത്ത് ഓഫീസിലെ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ താഴെ കൊടുത്ത പ്രകാരം ആകെ 843 പുസ്തകങ്ങൾ എൻ.ആർ.ഇ.ജി.എസ് ഓഫീസിന് വിതരണം ചെയ്തതായി കാണുന്നു.

| ക്രമ നം | തീയതി | 50 പേജുള്ള അളവുപുസ്തകങ്ങൾ | 25 പേജുള്ള അളവുപുസ്തകങ്ങൾ |
|---|---|---|---|
| 1 | 8.6.20 | 250 | 250 |
| 2 | 20.11.20 | 50 | - |
| 3 | 7.1.21 | 143 | 150 |
| | ആകെ | 443 | 400 |

എൻ.ആർ.ഇ.ജി.എസ് ഓഫീസിലെ അളവുപുസ്തകത്തിന്റെ വിതരണ രജിസ്റ്റർ പ്രകാരം 830 പുസ്തകങ്ങളാണ് വിവിധ പ്രവൃത്തികൾക്കായി നല്കിയിരിക്കുന്നത്. ഇത് പരിഗണിക്കുമ്പോൾ 13 പുസ്തകങ്ങൾ തൻവർഷം നീക്കിയിരിപ്പുണ്ടെന്ന് കാണാം. ഇത് കൂടാതെ 2021-22 വർഷത്തിൽ താഴെ പറയും പ്രകാരം 550 അളവു പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | തീയതി | 50പേജുള്ള അളവുപുസ്തകങ്ങൾ | 25പേജുള്ള അളവുപുസ്തകങ്ങൾ |
|---|---|---|---|
| 1 | 1.7.21 | | 100 |
| 2 | 13.4.21 | 100 | - |
| 3 | 10.12.21 | 50 | - |
| 4 | 24.1.22 | 150 | 150 |
| | ആകെ | 300 | 250 |

ഇത് പരിഗണിക്കുമ്പോൾ മുൻബാക്കി ഉൾപ്പെടെ 563 (550+13) പുസ്തകങ്ങൾ 2021-22 വർഷത്തിൽ

ലഭ്യമാണെന്ന് കാണാം. വിതരണ രജിസ്റ്റർ പ്രകാരം മേൽ വർഷത്തിൽ 480 പുസ്തകങ്ങൾ മാത്രമാണ് വിവിധ പ്രവൃത്തികൾക്ക് നല്കിയിട്ടുള്ളുവെന്നതിനാൽ 84 പുസ്തകങ്ങൾ 2022-23 വർഷത്തേക്ക് നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാകുന്നു. എന്നാൽ ഇത് ഉറപ്പുവരുത്താൻ കൃത്യമായ സ്റ്റോക്ക് എൻട്രിയുടെ അഭാവത്തിൽ കഴിഞ്ഞിട്ടില്ല.

അളവുപുസ്തകങ്ങൾ അനാവശ്യമായി വാങ്ങിക്കൂട്ടി

അളവു പുസ്തകങ്ങൾ ആവശ്യത്തിലധികം വാങ്ങിയതായി വിശദാംശങ്ങളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് വർഷത്തിൽ ആകെ 1550 പുസ്തകങ്ങൾ വാങ്ങിയതായി സ്റ്റോക്ക് രജിസ്റ്റർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കൂടാതെ 2021-21 വർഷത്തിൽ 710 പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. നാളിതുവരെ വിതരണം ചെയ്തത് കഴിച്ച് നിലവിൽ (18.6.22) 766 പുസ്തകങ്ങൾ സ്ഥാപനത്തിന്റെ സ്റ്റോക്കിലുണ്ട്. ആവശ്യകത പരിശോധിക്കാതെ പുസ്തകങ്ങൾ വാങ്ങിക്കൂട്ടിയതിലെ ഔചിത്യം വ്യക്തമാക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. ആകയാൽ താഴെ പറയുന്ന കാര്യങ്ങളിൽ ഉടനടി വ്യക്തത വരുത്തി വിവരം അറിയിക്കേണ്ടതാണ്.

എ)ഒന്നിൽ കൂടുതൽ അളവു പുസ്തകങ്ങൾ ഉപയോഗിച്ച പ്രവൃത്തികളുടെ വിവരവും അവയ്ക്ക് ഉപയോഗപ്പെടുത്തിയ അളവു പുസ്തകങ്ങളുടെ നമ്പറും വ്യക്തമാക്കേണ്ടതാണ്

ബി) അളവു പുസ്തക വിതരണ രജിസ്റ്ററിൽ പ്രവൃത്തിയുടെ പേര് രേഖപ്പെടുത്താതെ അവശേഷിക്കുന്ന 208 പുസ്തകങ്ങൾ ഏതൊക്കെ പ്രവൃത്തികൾക്ക് വിനിയോഗിച്ചെന്ന് വ്യക്തമാക്കേണ്ടതും രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.

സി) അളവുപുസ്തക വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയ എല്ലാ അളവുപുസ്തകങ്ങളും അവയുടെ പ്രൊജക്ട് ഫയലുകളും രജിസ്റ്ററിലെ ക്രമപ്രകാരം അടുക്കിവച്ച് പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ഡി) എൻ.ആർ.ഇ.ജി.എസ് ഓഫീസിലെ അളവുപുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കാലികമായി രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ നിർദ്ദശങ്ങൾ പ്രകാരമുള്ള നടപടികൾ പൂർത്തീകരിച്ച് എല്ലാ പ്രവൃത്തികളുടെ ഫയലുകളും പരിശോധിക്കുന്നതുവരെ പദ്ധതിക്കായി ആകെ വിനിയോഗിച്ച 128484325/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാരന് അനധികൃതമായി തുക നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണം നികുതി അടവാക്കൽ എന്ന പദ്ധതിയുടെ നിർവ്വഹണത്തിലും ആസൂത്രണത്തിലും അപാകതകൾ ഉണ്ടായിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊ നം, പേര് | 26/20-21,<br>കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണം നികുതി അടവാക്കൽ |
| അടങ്കൽ | 1517307 |
| ചെലവ് | 570000 |
| ബിൽ/ വൗച്ചർ നം. | 195/20-11-2020 |

അപാകതകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണം എന്ന പദ്ധതിയുടെ കരാറുകാരനായ ഫാസ്റ്റ് ലൈൻ പ്രൊജക്ട് പ്രൈവറ്റ് ലിമിറ്റഡിന് ജി.എസ്.ടി കോമ്പൻസേഷൻ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് പ്രൊജകട് ഫയലിന്റെ കുറിപ്പ് ഫയലിൽ നിന്നും വ്യക്തമാണ്. 01.11.2017 തിയ്യതിയിലെ സ.ഉ(ആർ.ടി) 87/2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 3 ലെ പട്ടികയിൽ നിന്നും കരാറുകാരന് ജി.എസ്.ടി കോമ്പൻസേഷന് അർഹതയില്ലെന്നത് വ്യക്തമാണ്. മേൽ വസ്തുത അസിസ്റ്റന്റ് എഞ്ചിനീയർ 28.04.21 തിയ്യതിയിൽ AE/LID&EW/PBA/10 /21-22 നമ്പർ കത്തിലൂടെ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. കാർഷിക വിപണനകേന്ദ്രം കെട്ടിട നിർമ്മാണം എന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് 2015 വർഷത്തിൽ ഡിഎസ്.ആർ 2013 അടിസ്ഥാനപ്പെടുത്തി 38 ശതമാനം കോസ്റ്റ് ഇൻഡക്സ് നിരക്കിൽ തയ്യാറാക്കിയിട്ടുള്ളതും 2015 വർഷത്തിൽ കരാർ ചമക്കപ്പെട്ടതുമാണ്. കരാറുകാർക്ക് 12 ശതമാനം ജി.എസ്.ടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച സാഹചര്യത്തിൽ കോസ്റ്റ് ഇനഡക്സ് നിരക്കിൽ ഗണ്യമായ കുറവ് വരുത്തിയിരുന്നു. ഇതിൽ നിന്നും 38 ശതമാനം കോസ്റ്റ് ഇൻഡക്സ് നിരക്കിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിലെ നിരക്കുകളിൽ നികുതി ബാധ്യതകളും ഉൾപ്പെട്ടിരുന്നു എന്നത് വ്യക്തമാണ്. മേൽ സാഹചര്യത്തിൽ മേൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കിയതിന്റെ കാരണം വ്യക്തമല്ല.
2. മേൽ പദ്ധതി വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റി, ശുപാർശ ചെയ്തതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഹാജരാക്കിയ മിനുട്സ് പ്രകാരം 18.11.2018 ന് ശേഷം 28.01.2021 തിയ്യതിയിലാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിരിക്കുന്നത്. മേൽ പദ്ധതിയുടെ ആവശ്യകത നിശ്ചയിക്കപ്പെട്ടത് ഏത് ഘട്ടത്തിലാണെന്നത് വ്യക്തമല്ല. കാർഷിക വിപണനകേന്ദ്രം നിർമ്മാണ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ഇത്തരത്തിലൊരു പദ്ധതിയുടെ ആവശ്യകത ഉയർത്തിയിട്ടുമില്ല.

പ്രവൃത്തിക്ക് ജി.എസ്.ടി കോമ്പൻസേഷൻ നൽകുന്നതിനായി പദ്ധതി ആസൂത്രണം ചെയ്തതിന്റെയും തുക കരാറുകാരന് നൽകിയതിന്റെയും കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. (നം.15/2020-21,തിയ്യതി- 17.06.2022)

ആവശ്യകത നിശ്ചയിക്കാതെയും നിയമ സാധുത പരിശോധിക്കാതെയും ആസൂത്രണ നടപടിക്രമങ്ങളെ മറികടന്നും സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 570000 രൂപയാണ് അനധികൃതമായി കരാറുകാരന് കൈമാറി ചെലവ് ചെയ്തിട്ടുള്ളത്. ചെലവ് തുക നിരാകരിക്കുന്നു. സർക്കാർ

പണം ദുർവിനിയോഗം ചെയ്ത സെക്രട്ടറി അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും നിരാകരിച്ച തുക പലിശ സഹിതം തിരിച്ചടക്കേണ്ടതുമാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 13.06.2022-14.06.2022 | |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്-പേരാമ്പ്ര | 2020-21 | 210000 | ഭിന്നശേഷി സ്കോളർഷിപ്പ് (46/20-21) | 210000 | |
| | 2020-21 | 324909 | പാൽ സബ്സിഡി (27/20-21) | 324909 | |
| | 2020-21 | 287512 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 287512 | |
| | 2020-21 | 1288389 | മത്സ്യമാർക്കറ്റ് കെട്ടിടം പൂർത്തീകരണം ബ്ലോക്ക് ഷെയർ(259/2019-20 S.O) | 1288389 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 408000 | നെൽകൃഷി കൂലിച്ചെലവ് (33/20-21) | 408000 | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കോഴിക്കോട് | 2020-21 | 546696 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി(S.066/20-21) | 546696 | |
| | 2020-21 | 150000 | മുട്ടഗ്രാമം പദ്ധതി (36/20-21) | 150000 | |
| | 2020-21 | 600000 | ചേർമല സാംബവ കോളനി നിവാസികൾക്ക് വീട് നിർമ്മിച്ച് നൽകൽ(S.O-224/20-21) | 600000 | |
| | 2020-21 | 1260000 | ലൈഫ് ജനറൽ (43/20-21) | 1260000 | |
| | 2020-21 | 350000 | ഭിന്നശേഷി സ്കോളർഷിപ്പ്(46/20-21) | 350000 | |
| | 2020-21 | 135000 | ക്ഷീരഗ്രാമം യൂണിറ്റ് (So-68/20-21) | 135000 | |
| | 2020-21 | 345000 | ക്ഷീരഗ്രാമം യൂണിറ്റ് പദ്ധതി(35/20-21) | 345000 | |
| | 2020-21 | 200000 | പാൽ സബ്സിഡി (27/20-21) | 200000 | |

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല-

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3403280 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| അഗ്രികൾച്ചർ മാർക്കറ്റിംഗ് കോംപ്ലക്സ് | സ.ഉ(സാധാ)നം2283/ 2015/ത.സ്വ.ഭ.വ തിയ്യതി-25.07.2015 | 30240013 | 3403280 | 6917676 | 3111868 | 26725617 |
| ലൈഫ് ഭവനപദ്ധതി | | | 26657059 | 1173600 | | 25483459 |

## 4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം

| | |
|---|---|
| 10000 | |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | --- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വിറ്റി ഷെയർ | 10000 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16218 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 2-2 | 16218 | സെക്രട്ടറി കൊയിലാണ്ടി കള്ള് ചെത്ത് സഹകരണ സംഘം | 120050111483/25.03.2021 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമല്ല | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീര സംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | പരാമർശം നിലനിൽക്കുന്നു |
| 2000-01 | | 2003-04 | 11.14 | ബസ് സ്റ്റാന്റ് മൂത്രപുര- കൂടുതൽ തുക നൽകിയത്. | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 3-5 | 2006-07 | 3.79.6.3 | മണൽ വിൽപന | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 3-2 | 2006-07 | 3.79.18.7 | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | -- | 2013-14 | 5.1.5.2 | ജലസ്രോതസ്സുകളിലെ മാലിന്യ കൂമ്പാരം | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.3 | ജല സ്രോതസ്സുകളുടെ സംരക്ഷണം കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.4 | പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.8 | മഴവെള്ള സംഭരണി പരാജയം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.11 | കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.12 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല. | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.13 | ഗുണഭോക്തൃ സമിതി തുക കൈമാറിയത് | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.17.87 | വെള്ളക്കരം കുടിശ്ശിക | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2015-16 | 3.6.1.24 | എസ്സ്.സി -എസ്സ്.ടി അടിസ്ഥാന സൌകര്യ വികസനം | പരാമർശം നിലനിൽക്കുന്നു |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2015-16 | 3.7.13.1538/33 | പദ്ധതി മാർഗ്ഗരേഖ അവഗണിച്ച | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ).1.10.90 | ആശ്രയ വീടിന് സ്ഥലം ആവശ്യമുള്ളവർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ)2.2.91 | വീട് റിപ്പയർ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(എ).3.4.91 | കുടിവെള്ളം | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 3-3 | 2016-17 | 6(ബി).93 | ധനവിനിയോഗം സാധ്യമാകാത്തത് | പരാമർശം നിലനിൽക്കുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4.1.88 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |
| 2015-16 | 2-6 | 2016-17 | അനുബന്ധം-5.2.11 | തൊഴിൽ നികുതി അപാകതകൾ | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | അടവാക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2009-10 | - | ശ്രീ. കെ.സി. സുബ്രഹ്മണ്യൻ. അസിസ്റ്റന്റ് | എൽഎഫ്4418/ സ്പെ.സെൽ/ ഡി.എസ്.സി./ ഡി2/2013 | 17480/- | - | | 17480/- |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | എഞ്ചിനീയർ | തീയതി 25-07-2014 | | | | |
| 2 | 2008-09 | 2-10 | ശ്രീ.ജോയ്സി | എൽഎഫ് 7321/സ്പെ. സെൽ സി.എസ്.സി/ ഡി2/2012 തിയതി. 21.02.2013 | 16392 | 6660/- | | 9732 രൂപ |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 117073985 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 131979687 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 570000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 130421549 |

### ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-27 | - | 570000 | ശ്രീ മനോജ് ഒ, സെക്രട്ടറി |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 16100 | ശ്രീ മനോജ് ഒ, സെക്രട്ടറി |
| 1-23 | 5124 | ശ്രീ മനോജ് ഒ, സെക്രട്ടറി |
| 1-26 | 638478 | ശ്രീ മനോജ് ഒ, സെക്രട്ടറി |
| 1-29 | 1193928 | ശ്രീ മനോജ് ഒ, സെക്രട്ടറി |
| 1-31 | 83594 | ശ്രീ മനോജ് ഒ, |

| | | |
|---|---|---|
| | | സെക്രട്ടറി |
| 1-36 | 128484325 | ശ്രീ മനോജ് ഒ, സെക്രട്ടറി |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ മനോജ് ഒ, സെക്രട്ടറി | സെക്രട്ടറി, നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | ഒതയോത്ത്, നൊച്ചാട്, കോഴിക്കോട് , ഫോൺ- 9496048167 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി. പി5-402/98 തീ. 12.11.12 | 1 | 32(2) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി4-1262/11 തീ. 04.10.2011 | 2 | 33,56 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി4-644/09തീ. 05.01.2010 | 2 | 19,21 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7/465/11തീ. 04.02.2012 | 13 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി 7/2020/11തീ.13.02.2012 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി7/1271/12 തീ. 05.09.2012 | 7 | |
| 2009-10, 10-11 | എൽ.എഫ്.കെ.കെ.ഡി. പി7-60/13 തീ. 22.07.2013 | 23 | 2-1, 2-3 2-4 2-5, 3-1, 3-2, 3-3, 3-5, 3-6, |

| | | | |
|---|---|---|---|
| | | | 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 4-3, 4-7 |
| 2011-12, 12-13 | എൽ.എഫ്.കെ.കെ.ഡി. പി7-278/15തീ. 14.09.15 | 15 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8,3-9, 3-10,3-11,3-12 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി.4.1637/16 തീ. 31.10.16 | 13 | 2-1, 2-2, 2-3, 2-4,2-5, 2-6,3-1,3-2, 3-3,3-4,3-5, 3-6,3-7, 3-8, 3-9, 3-10,3-11, 3-12, 3-13, 3-14, 3-15,3-16 |
| 2015 - 16 | കെ.എസ്.എ.കെ.കെ.ഡി.പി.4/ 1947/16 തീ. 15.05.17 | 22 | 2-1,2-2,2-3, 2-4,2-5,2-6, 2-7, 2-8, 3-1, 3-2,3-3,3-4, 3-5,3-6, 3-7, 3-8, 3-9, 3-10,3-11, 3-12,3-13,3-14 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1485/2017 , 03.08.2017 | 25 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9,3-10, 3-11, 3-12, 3-13, 3-14,3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1642/2019തി.16.06.2020 | 15 | 1-12(1,2,4),2-2, 2-6, 3-2, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-15,3-16,3-17 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി. പി.5/1154/2020 തി.25.05.2021 | | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-19, 1-20, 1-21, 1-22(3), 1-26, 1-27, 1-28, |

| | | | |
|---|---|---|---|
| | | | 1-29, 1-30,<br>1-31, 1-32, 1-33,<br>1-34,1-35,<br>1-37, 1-40, 1-41 |
| 2019-20 | നം.കെ.എസ്.എ.കെ.കെ.ഡി.<br>പി.5/357/2022തി.04.03.2022 | | 1-1 മുതൽ 1-33<br>വരെ |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.),

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്